**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)

**പതിനഞ്ചാമത് റിപ്പോർട്ട്**

(2023 മാർച്ച് 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയുടെ (എസ്.ആർ.ഒ. നമ്പർ 491/2019) സൂക്ഷ്മപരിശോധന സംബന്ധിച്ചുള്ള റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)

## പതിനഞ്ചാമത് റിപ്പോർട്ട്

(2023 മാർച്ച് 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയുടെ
(എസ്.ആർ.ഒ. നമ്പർ 491/2019) സൂക്ഷ്മപരിശോധന
സംബന്ധിച്ചുള്ള റിപ്പോർട്ട്

391/2023.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I (എസ്.ആർ.ഒ. നമ്പർ 491/2019) | .. | 29 |
| അനുബന്ധം II (എസ്.ആർ.ഒ. നമ്പർ 492/2019) | .. | 65 |
| അനുബന്ധം III (എസ്.ആർ.ഒ. നമ്പർ 716/2018) | .. | 69 |
| അനുബന്ധം IV (എസ്.ആർ.ഒ. നമ്പർ 111/2020) | .. | 76 |
| അനുബന്ധം V (എസ്.ആർ.ഒ. നമ്പർ 769/2020) | .. | 80 |
| അനുബന്ധം VI (എസ്.ആർ.ഒ. നമ്പർ 845/2022) | .. | 82 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി

# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എം.എം. മണി, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിൻ (2019-ലെ 12) കീഴിൽ പുറപ്പെടുവിച്ച 491/2019 (2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി), 492/2019 (2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ചട്ടങ്ങൾ), 716/2018, 769/2020, 845/2022 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ സമിതിയുടെ 23-1-2023-ലെ യോഗത്തിൽ പരിശോധന നടത്തുകയും പൊതുഭരണം (ന്യൂനപക്ഷക്ഷേമ), നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2023 മാർച്ച് 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. എം. മണി,**
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2023 മാർച്ച് 14.

# റിപ്പോർട്ട്

മുസ്ലീം മതതത്വങ്ങളും അനുഷ്ഠാനങ്ങളും ആശയങ്ങളും പഠിപ്പിക്കുന്നതിനായി കേരളത്തിലെ മദ്രസ്സകളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകരുടെ ക്ഷേമനടപടികൾക്കും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുമായിട്ടാണ് 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസ് (2019-ലെ 12) വിളംബരപ്പെടുത്തിയത്. പ്രസ്തുത ഓർഡിനൻസിലെ 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ആവിഷ്കരിച്ചതാണ് 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി. പ്രസ്തുത ഓർഡിനൻസിൻ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 491/2019 (2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി), 492/2019 (2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ചട്ടങ്ങൾ), 716/2018, 769/2020, 845/2022 എന്നിവയുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് പൊതുഭരണം (ന്യൂനപക്ഷക്ഷേമ), നിയമം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരിൽ നിന്നും 2023 ജനവരി 23-ാം തീയതി സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

**1. 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി (എസ്.ആർ.ഒ. നമ്പർ 491/2019)**

***

2. 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി ആവിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവ് [21-6-2019-ലെ സ.ഉ.(അച്ചടി) നമ്പർ 6/2019/പൊ.ഭ.വ.] പുറപ്പെടുവിച്ച് 33 ദിവസത്തിനുശേഷമാണ് 491/2019-ാം നമ്പർ എസ്.ആർ.ഒ. (അനുബന്ധം I) ആയി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതെന്നും അതിനാൽ, പദ്ധതിയിലെ ഖണ്ഡിക 1(2) പ്രകാരം ഉത്തരവ് പ്രസിദ്ധപ്പെടുത്തിയ 24-7-2019 മുതലാണ് പ്രസ്തുത പദ്ധതി നിലവിൽ വന്നിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. 21-6-2019-ലെ ഉത്തരവ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി 24-6-2019-ലെ കത്ത് പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഇ. ഗസറ്റ് ചെയ്യുന്നതിലെ സാങ്കേതിക തടസ്സങ്ങൾ കാരണം 24-7-2019-ലാണ് പ്രസ്തുത ഉത്തരവ് ഗസറ്റിൽ പ്രസിദ്ധീകരിച്ചതെന്ന് പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. 21-6-2019-ലെ സർക്കാർ ഉത്തരവ് യഥാസമയം പ്രസിദ്ധപ്പെടുത്തിയിരുന്നുവെങ്കിൽ 33 ദിവസത്തിന് മുൻപ് 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി നിലവിൽ വരേണ്ടതായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. <u>അതിനാൽ ഭാവിയിൽ, സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന അന്നോ അല്ലെങ്കിൽ അതിന് തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെയോ ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

391/2023.

3. ഓർഡിനൻസിന്റെ 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (i)-ാം ഖണ്ഡത്തിലാണ് ബോർഡിന്റെ ചെയർമാനെ കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, ചെയർമാനെ നിർവ്വചിച്ചിരിക്കുന്ന ഖണ്ഡിക 2(1)(എ)-ലെ'ഉപവകുപ്പ് ' എന്നതിനുശേഷം '(i)-ാം ഖണ്ഡ' എന്ന് കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. പദ്ധതിയിലെ ഖണ്ഡിക 2(1)(സി) പ്രകാരം "കുടുംബം" നിർവ്വചിച്ചിരിക്കുന്നതിൽ 'അവിവാഹിതരായ പെൺകുട്ടികൾ' എന്ന പ്രയോഗത്തേക്കാൾ ഓർഡിനൻസിലെ വകുപ്പ് 2(ഇ)-ലേതുപോലെ 'അവിവാഹിതരായ പെൺമക്കൾ' എന്ന് വ്യവസ്ഥ ചെയ്യുന്നതാണ് ഉചിതമെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ, ഖണ്ഡിക 2(1)(സി)-ലെ 'അവിവാഹിതരായ പെൺകുട്ടികൾ' എന്നത് 'അവിവാഹിതരായ പെൺമക്കൾ' എന്നും 'അംഗങ്ങളെ' എന്നത് 'അംഗത്തെ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ഓർഡിനൻസിലെ വകുപ്പ് 10(3)-ലെ (vi)-ലാണ് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, ഖണ്ഡിക 2(1)(ഡി)-ലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നിർവ്വചനത്തിലെ '(iv)' എന്നത് '(vi)' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് ഓർഡിനൻസ് പ്രകാരമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, ഖണ്ഡിക 3(iii)-ലേതു പോലെ ഖണ്ഡിക 3-ലെ ആദ്യ വരിയിലെ 'ആക്ട് 'എന്നത് 'ഓർഡിനൻസ് 'എന്നും 3(vi)-ലെ 'ആക്ടിലെ' എന്നത് 'ഓർഡിനൻസിലെ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ഖണ്ഡിക 3(viii), ഖണ്ഡിക 9(1), ഖണ്ഡിക 16-ന്റെ തലക്കെട്ട്, ഖണ്ഡിക 16 എന്നിവയിലെ 'ബഡ്ജറ്റ് 'എന്നത് 'ബജറ്റ് ' എന്നും അദ്ധ്യായം അഞ്ചിന്റെ തലക്കെട്ടിലെ 'ബഡ്ജറ്റും' എന്നത് 'ബജറ്റും' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. ഖണ്ഡിക 4(i)-ലെ 'ഉദ്യോഗസ്ഥന്മാരുടേയും അംഗങ്ങളുടേയും' എന്നത് ഓർഡിനൻസിലെ വകുപ്പ് 15-ന്റെ തലക്കെട്ടിലേതുപോലെ, 'ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. ബോർഡിനെതിരെയുള്ള കേസുകളും ബോർഡ് നടത്തുന്നത് ബോർഡിനുവേണ്ടി തന്നെയാണെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ഖണ്ഡിക 4(ii)-ലെ 'ബോർഡിനുവേണ്ടിയും ബോർഡിനെതിരെയുമുള്ള കേസുകളുടെ നടത്തിപ്പ്' എന്നത് 'ബോർഡുമായി ബന്ധപ്പെട്ട കേസുകളുടെ നടത്തിപ്പ്' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. ഖണ്ഡിക 6(1)-ന്റെ രണ്ടാം വരിയിലെ 'മൂന്നുമാസത്തിലൊരിക്കൽ' എന്നതിനുശേഷം 'എങ്കിലും' എന്ന വാക്ക് കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. ഖണ്ഡിക 7-ന്റെ തലക്കെട്ടിലേയും 7(1)-ന്റെ രണ്ടാം വരിയിലേയും 'ആദ്ധ്യക്ഷം' എന്നതും 7(1)-ന്റെ ക്ലിപ്ത നിബന്ധനയിലെ 'അദ്ധ്യക്ഷത' എന്നതും 'ആദ്ധ്യക്ഷ്യം' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. ഖണ്ഡിക 7(1)-ലെ 'എല്ലാ യോഗങ്ങളിലും' എന്നത് 'യോഗങ്ങളിൽ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ഖണ്ഡിക 7-ന് മറ്റ് ഉപഖണ്ഡികകൾ ഇല്ലാത്തതിനാൽ '(1)' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. ഖണ്ഡിക 8-ന്റെ തലക്കെട്ടിലെ 'യോഗ നടപടിക്കുറിപ്പ് ', ഖണ്ഡിക 8(1)-ലെ 'യോഗ നടപടിക്കുറിപ്പുകൾ', ഖണ്ഡിക 8(2)-ലെ 'യോഗ നടപടിക്കുറിപ്പിൽ' എന്നിവ യഥാക്രമം 'യോഗനടപടിക്കുറിപ്പ്', 'യോഗനടപടിക്കുറിപ്പുകൾ', 'യോഗനടപടിക്കുറിപ്പിൽ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. ഓർഡിനൻസിന്റെ പട്ടികയിലെ ക്രമനമ്പർ 4 പ്രകാരം, ബോർഡിനെ സഹായിക്കുന്നതിനുവേണ്ടി ഏതെങ്കിലും സമിതിയുടെ രൂപീകരണത്തെ കുറിച്ച് പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്നതാണെന്നും അതുപ്രകാരമാണ് പദ്ധതിയിലെ 9-ാം ഖണ്ഡികയുടെ തലക്കെട്ട് 'സമിതികളുടെ രൂപീകരണം' എന്ന് ചേർത്തിരിക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. എന്നാൽ, ഓർഡിനൻസിൽ ഏതെങ്കിലും ഉപസമിതിയെ കുറിച്ച് വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ, ഖണ്ഡിക 9(1)-ലെ അഞ്ചാം വരിയിലെ 'ഉപസമിതികൾ' എന്നത് 'സമിതികൾ' എന്നും ഖണ്ഡിക 9(2)-ലെ ആദ്യ വരിയിലെ 'ഉപസമിതിയിൽ' എന്നത് 'സമിതിയിൽ' എന്നും ഖണ്ഡിക 9(3)-ലെ 'ഉപസമിതികളുടെയും' എന്നത് 'സമിതികളുടെയും' എന്നും ഖണ്ഡിക 9(4)-ലെ ആദ്യ വരിയിലെ 'ഉപസമിതിയുടെ' എന്നത് 'സമിതിയുടെ' എന്നും ഖണ്ഡിക 9(5)-ലെ ആദ്യ വരിയിലെ 'ഉപസമിതികളുടെ' എന്നത് 'സമിതികളുടെ' എന്നും ഖണ്ഡിക 9(5)-ലെ ആദ്യ വ്യവസ്ഥയിലെ 'ഉപസമിതിയുടെ' എന്നത് 'സമിതിയുടെ' എന്നും ഖണ്ഡിക 9(5)-ലെ രണ്ടാം വ്യവസ്ഥയിലെ 'ഉപസമിതിയുടെയും' എന്നത് 'സമിതിയുടെയും' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. ഖണ്ഡിക 9(3) പ്രകാരം, ബോർഡിന്റെ ചെയർമാൻ ഉപസമിതികളുടെയും ചെയർമാൻ ആണെങ്കിലും ചെയർമാൻ ഹാജരില്ലാത്ത സമയങ്ങളിൽ ആരാണ് ആദ്ധ്യക്ഷ്യം വഹിക്കേണ്ടതെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, 'എന്നാൽ, ചെയർമാൻ ഹാജരില്ലാത്ത സമയങ്ങളിൽ സമിതി അംഗങ്ങൾ അവരിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരാൾ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും ചെയർമാന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ് ' എന്ന ക്ലിപ്തനിബന്ധന ഖണ്ഡിക 9(3)-ൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. ഖണ്ഡിക 9 പ്രകാരമുള്ള സമിതിയുടെ ഒരു യോഗത്തിൽ തീരുമാനമെടുക്കുന്നത് എപ്രകാരമാണെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, 'സമിതിയുടെ ഒരു യോഗത്തിന് മുമ്പാകെ വരുന്ന ഏതൊരു സംഗതിയും ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും, തുല്യവോട്ടുകളുടെ സംഗതിയിൽ ചെയർമാന് അല്ലെങ്കിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന അംഗത്തിന് കാസ്റ്റിംഗ് വോട്ട് ഉണ്ടായിരിക്കുന്നതുമാണ് ' എന്ന വ്യവസ്ഥ പദ്ധതിയിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിലെ (2019-ലെ 12) വകുപ്പ് 10(3) പ്രകാരം, 14 ബോർഡ് അംഗങ്ങളാണ് ഉണ്ടായിരുന്നതെന്നും അതിൽ മദ്രസ്സാദ്ധ്യാപകരെയും മദ്രസ്സ കമ്മിറ്റിയെയും പ്രതിനിധീകരിക്കുന്ന നാല് അനൗദ്യോഗിക അംഗങ്ങൾ വീതമാണ് ഉണ്ടായിരുന്നതെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ പ്രസ്തുത ഓർഡിനൻസ്, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്റ്റ് (2019-ലെ 18-ാം ആക്റ്റ്) ആയപ്പോൾ പ്രസ്തുത ബോർഡ് അംഗങ്ങളുടെ എണ്ണം 14-ൽ നിന്ന് 18 ആക്കിയിട്ടുണ്ടെന്നും മദ്രസ്സാദ്ധ്യാപകരെയും മദ്രസ്സ കമ്മിറ്റിയെയും പ്രതിനിധീകരിക്കുന്ന അനൗദ്യോഗിക അംഗങ്ങളുടെ എണ്ണം 8-ൽ നിന്നും 12 ആയി, 2 വീതം, വർദ്ധിപ്പിച്ചിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. അതുകൊണ്ട്, ഖണ്ഡിക 9(2)-ന്റെ സമിതിയിലെ അംഗങ്ങളുടെ എണ്ണത്തിൽ വർദ്ധന വരുത്തേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ, 9(2) (സി)-ലെ 'രണ്ട് അനൗദ്യോഗിക അംഗങ്ങൾ ' എന്നത് 'മൂന്ന് അനൗദ്യോഗിക അംഗങ്ങൾ ' എന്നും 9(4)-ലെ 'മൂന്ന് അംഗങ്ങളെങ്കിലും ' എന്നത് 'നാല് അംഗങ്ങളെങ്കിലും' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. ഖണ്ഡിക 11(1)-ലെ 'രണ്ട് പകർപ്പുകൾ' എന്നത് 'രണ്ട് സെറ്റ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. ഖണ്ഡിക 11(1) പ്രകാരം, മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു.

എന്നാൽ, ഫാറം നമ്പർ 2, 3, 4, 5 എന്നിവയിലേക്കായി നാല് ഫോട്ടോയുടെ ആവശ്യമുള്ളതിനാൽ ഖണ്ഡിക 11(1)-ലെ 'മൂന്ന് ' എന്നത് 'നാല് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. ഖണ്ഡിക 11(1)-ലെ 'ശരിയായ രീതിയിൽ പൂരിപ്പിച്ച നോമിനേഷൻ ഫാറം' എന്നത് ഫാറം നമ്പർ 6-ലെ 2-ാം കുറിപ്പിലേതുപോലെ, 'ശരിയായ രീതിയിൽ പൂരിപ്പിച്ച ഫാറം നമ്പർ 6-ലുള്ള രണ്ട് സെറ്റ് നോമിനേഷൻ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. ഫാറം നമ്പർ 1 പ്രകാരം, അംഗത്വത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട സ്ഥാപന മേധാവിയുടെ ശിപാർശയോടെയാണ് സമർപ്പിക്കേണ്ടതെങ്കിലും ഖണ്ഡിക 11(1)-ൽ ബന്ധപ്പെട്ട മദ്രസ്സാ കമ്മിറ്റിയുടെ ശിപാർശ കത്ത് വേണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ഫാറം നമ്പർ 1-ൽ മദ്രസ്സാ സ്ഥാപന മേധാവിയുടെ ശിപാർശ രേഖപ്പെടുത്തുന്നതിനാൽ മദ്രസ്സാ കമ്മിറ്റിയുടെ ശിപാർശ കത്തിന്റെ ആവശ്യമില്ലെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ, ഖണ്ഡിക 11(1)-ലെ ',ബന്ധപ്പെട്ട മദ്രസ്സാ കമ്മിറ്റിയുടെ ശിപാർശ കത്ത് ' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. ഖണ്ഡിക 11(2)-ലെ, 'നാമനിർദ്ദേശത്തിന്റെ രണ്ട് പകർപ്പുകൾ' എന്നത് 'നോമിനേഷന്റെ രണ്ട് സെറ്റ് ' എന്നും 'സാക്ഷ്യപത്രം' എന്നത് 'സർട്ടിഫിക്കറ്റ് ' എന്നും ഏകീകരിച്ചുകൊണ്ട്, 'അപേക്ഷകൻ അപേക്ഷയോടൊപ്പം നോമിനേഷന്റെ രണ്ട് സെറ്റ് നൽകേണ്ടതും ബോർഡ് സാക്ഷ്യപ്പെടുത്തിയ നോമിനേഷനുകളിൽ ഒന്ന് അംഗത്വ സർട്ടിഫിക്കറ്റിനോടൊപ്പം അപേക്ഷകന് നൽകേണ്ടതുമാണ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. മറ്റ് രേഖകൾ ലഭ്യമല്ലെങ്കിൽ ഒരു മെഡിക്കൽ ഓഫീസർക്ക് ഒരാളുടെ ജനന തീയതി തെളിയിക്കുന്ന സാക്ഷ്യപത്രം നൽകുവാൻ സാധിക്കില്ലെന്നും വയസ്സ് നിശ്ചയിക്കുവാൻ മാത്രമേ സാധിക്കുകയുള്ളുവെന്നും സമിതി വിലയിരുത്തുന്നു. അതിനാൽ, ഖണ്ഡിക 11(3)-ലെ 'ജനന തീയതി' എന്നത് 'വയസ്സ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. ഖണ്ഡിക 11(3)-ൽ മേൽവിലാസം തെളിയിക്കുന്നതിനായി മറ്റ് രേഖകൾ ലഭ്യമല്ലെങ്കിൽ എന്ത് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ, 'മേൽവിലാസം തെളിയിക്കുന്നതിനായി മറ്റ് രേഖകൾ ലഭ്യമല്ലെങ്കിൽ അപേക്ഷകൻ താമസിക്കുന്ന

സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന റസിഡൻഷ്യൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് ' എന്ന് വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. ഓരോ അംഗത്തിന്റെയും വിവരങ്ങൾ കൃത്യമായി അംഗത്വ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി, ഖണ്ഡിക 11(4)-ന്റെ അവസാന വരിയിലെ 'അംഗത്വ രജിസ്റ്റർ രേഖപ്പെടുത്തി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂക്ഷിക്കേണ്ടതാണ് 'എന്നത് 'ഓരോ അംഗത്തിനെയും കുറിച്ചുള്ള രേഖപ്പെടുത്തലുകൾ വരുത്തിയ അംഗത്വ രജിസ്റ്റർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. ഓർഡിനൻസിലെ വകുപ്പ് 6(3) പ്രകാരം, ഓരോ അപേക്ഷകനും അപേക്ഷാഫീസായി പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള തുക, അങ്ങനെയുള്ള രീതിയിൽ അപേക്ഷയോടൊപ്പം നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പദ്ധതിയിൽ അപേക്ഷാഫീസിനെ കുറിച്ച് വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് സമിതി കണ്ടെത്തി. അതിനാൽ, അപേക്ഷയോടൊപ്പം എത്ര രൂപയുടെ അപേക്ഷാഫീസ് സമർപ്പിക്കണമെന്നും അത് എങ്ങനെയാണ് അടയ്ക്കേണ്ടതെന്നും പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. ഓർഡിനൻസിലെ വകുപ്പ് 6(4)-ൽ ഓരോ അംഗത്തിനും 'അംഗത്വ സർട്ടിഫിക്കറ്റ് ' നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ഖണ്ഡിക 11(5)-ലെ ഒന്നാം വരിയിലെ 'അംഗത്വ സാക്ഷ്യപത്രത്തിന്റെയും' എന്നത് 'അംഗത്വ സർട്ടിഫിക്കറ്റിന്റെയും' എന്നും ഖണ്ഡിക 11(6)-ലെ ഒന്നാം വരിയിലെ 'അംഗത്വ സാക്ഷ്യപത്രമോ' എന്നത് 'അംഗത്വ സർട്ടിഫിക്കറ്റോ' എന്നും ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. ഖണ്ഡിക 11(5)-ലെ അവസാന വാക്കായ 'നൽകേണ്ടതാണ് 'എന്നത് 'നൽകേണ്ടതുമാണ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. ഖണ്ഡിക 11(6) പ്രകാരം, അംഗത്വ സാക്ഷ്യപത്രമോ തിരിച്ചറിയൽ കാർഡോ പാസ്ബുക്കോ നഷ്ടപ്പെടുകയും അവയുടെ ഡ്യൂപ്ലിക്കേറ്റിനായി അംഗം അപേക്ഷിക്കുകയും ചെയ്യുന്നപക്ഷം ആവശ്യമായ സത്യവാങ്മൂലം അപേക്ഷകനിൽ നിന്നും വാങ്ങി അന്വേഷണത്തിനും സ്ഥിരീകരണത്തിനും ശേഷം കാർഡിന്റെ വില ഈടാക്കി ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡ് അംഗത്തിന് നൽകേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. പാസ്ബുക്ക് ഉൾപ്പെടെയുള്ളവയുടെ ഡ്യൂപ്ലിക്കേറ്റാണ് നൽകുന്നതെന്നതിനാൽ, ഖണ്ഡിക 11(6)-ലെ

'കാർഡിന്റെ വില ഈടാക്കി ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡ് അംഗത്തിന് നൽകേണ്ടതാണ് ' എന്നത് 'അതിന്റെ വില ഈടാക്കി അംഗത്തിന് ഡ്യൂപ്ലിക്കേറ്റ് നൽകേണ്ടതാണ്' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ഖണ്ഡിക 11(6) പ്രകാരം, അംഗത്വ സാക്ഷ്യപത്രമോ തിരിച്ചറിയൽ കാർഡോ പാസ്ബുക്കോ നഷ്ടപ്പെടുകയും അവയുടെ ഡ്യൂപ്ലിക്കേറ്റിനായി അംഗം അപേക്ഷിക്കുകയും ചെയ്യുന്നപക്ഷം അപേക്ഷകനിൽ നിന്നും വില ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും വില എത്രയെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് സമിതി കണ്ടെത്തി. അതിനാൽ അംഗത്വ സാക്ഷ്യപത്രം, തിരിച്ചറിയൽ കാർഡ്, പാസ്ബുക്ക് എന്നിവയുടെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനുള്ള വില എത്രയെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. ഖണ്ഡിക 11(6) പ്രകാരം അംഗത്വ സാക്ഷ്യപത്രം, തിരിച്ചറിയൽ കാർഡ്, പാസ്ബുക്ക് എന്നിവയുടെ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുന്നതിനായി ഒരു ഫാറം പദ്ധതിയിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. ഖണ്ഡിക 12(1)-ന്റെ നാലാം വരിയിലും പ്രസ്തുത ഖണ്ഡികയുടെ ക്ലിപ്ത നിബന്ധനയിലെ രണ്ടാം വരിയിലും 'സർക്കാരിന്' എന്നും ഖണ്ഡിക 12(2)-ന്റെ ആദ്യ വരിയിൽ 'സർക്കാരിനു' എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആരെയാണെന്ന് പദ്ധതിയിൽ വ്യക്തമാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, അപ്പീൽ നൽകേണ്ടത് സർക്കാരിലെ ഏത് പദവിയിലുള്ള ഉദ്യോഗസ്ഥനാണെന്ന് പദ്ധതിയിൽ വ്യക്തമായി വ്യവസ്ഥ ചെയ്യണമെന്നും അപ്പീലിനുള്ള ഒരു ഫാറം പദ്ധതിയിൽ ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

34. ഖണ്ഡിക 12(2)-ലെ നാലാം വരിയിലെ 'അപേക്ഷകനെ അറിയിക്കേണ്ടതുമാണ് ' എന്നത് ' അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ് എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. ഖണ്ഡിക 12 പ്രകാരമുള്ള അപ്പീലിന്മേൽ അനുകൂല തീരുമാനം ഉണ്ടാകാത്തപക്ഷം അപേക്ഷകന് പുനഃപരിശോധനാ ഹർജി നൽകുന്നതിന് അവസരം നൽകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, പുനഃപരിശോധനാ ഹർജിക്കുള്ള വ്യവസ്ഥകൾ പദ്ധതിയിൽ ചേർക്കണമെന്നും അതിനുള്ള ഒരു ഫാറം പദ്ധതിയിൽ ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

36. ഖണ്ഡിക 13-ന് രണ്ട് ഉപഖണ്ഡികകൾ ഉള്ളതിനാൽ ആദ്യ ഉപഖണ്ഡികയ്ക്ക് മുമ്പായി '(1)' എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. ഖണ്ഡിക 13, 13(2), നോമിനേഷനുള്ള ഫാറം നമ്പർ 6 എന്നിവയിൽ 'നോമിനേഷൻ' എന്ന വാക്കാണ് 'നാമനിർദ്ദേശം' എന്നതിനേക്കാൾ കൂടുതലായി ഉപയോഗിച്ചിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ഖണ്ഡിക 13-ന്റെ തലക്കെട്ടായ 'നാമനിർദ്ദേശം ചെയ്യൽ' എന്നത് 'നോമിനേഷൻ നൽകൽ' എന്നും ഖണ്ഡിക 13-ലെ ആറാം വരിയിലെ 'നാമനിർദ്ദേശം' എന്നത് 'നോമിനേഷൻ' എന്നുമാക്കി ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. ഖണ്ഡിക 13-ൽ ഒരു നോമിനേഷൻ, ഫാറം നമ്പർ 6-ൽ നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെങ്കിലും ഫാറം നമ്പർ 6-ന്റെ 2-ാം കുറിപ്പ് പ്രകാരം ശരിയായി പൂരിപ്പിച്ച 2 സെറ്റ് അപേക്ഷ ഫോറം സമർപ്പിക്കണമെന്നും ഒരു കോപ്പി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതാണെന്നും സമിതി കണ്ടെത്തി. അതിനാൽ, ഖണ്ഡിക 13-ലെ 'ഒരു നോമിനേഷൻ ഫാറം' എന്നത് 'രണ്ട് സെറ്റ് നോമിനേഷൻ ഫാറം' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. ഖണ്ഡിക 14-ൽ ഓരോ അംഗവും അംശദായമായി ഓരോ മാസവും അടയ്ക്കേണ്ട തുക ബന്ധപ്പെട്ട പോസ്റ്റോഫീസിൽ അതതു കാലത്ത് ബോർഡ് നിശ്ചയിക്കുന്ന രീതിയിൽ അടയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും യഥാസമയം അംശദായം അടയ്ക്കാത്തവരിൽ നിന്നും പിഴതുക ഈടാക്കുന്നതിനാൽ ഓരോ മാസത്തിലെയും ഏത് തീയതിക്ക് മുൻപ് അംശദായം അടയ്ക്കണമെന്ന് പദ്ധതിയിൽ വ്യക്തമായി വ്യവസ്ഥ ചെയ്യണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ഖണ്ഡിക 14-ലെ രണ്ടാം വരിയിലെ 'അടയ്ക്കേണ്ട തുക' എന്നതിനുശേഷം 'അതത് മാസം 10-ാം തീയതിക്ക് മുൻപായി' എന്ന് കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. ഖണ്ഡിക 14 പ്രകാരം, അംശദായ തുക ബന്ധപ്പെട്ട പോസ്റ്റോഫീസ് വഴി മാത്രമേ അടയ്ക്കുവാൻ സാധിക്കുവെന്ന് സമിതി മനസ്സിലാക്കുന്നു. വിവര സാങ്കേതികവിദ്യയുടെ ഈ ആധുനിക കാലഘട്ടത്തിൽ സമയവും അധ്വാനവും ലഘൂകരിക്കുന്നതിനായി, അംഗത്തിന് ഓൺലൈനായും അംശദായ തുക അടയ്ക്കുവാൻ സാധിക്കുന്ന വിധത്തിൽ ഖണ്ഡിക 14 പരിഷ്ക്കരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ഖണ്ഡിക 14-ലെ രണ്ടാം വരിയിലെ 'ബന്ധപ്പെട്ട പോസ്റ്റോഫീസിൽ' എന്നത് 'ബന്ധപ്പെട്ട പോസ്റ്റോഫീസിലോ ഓൺലൈനായോ' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. ഖണ്ഡിക 14 പ്രകാരം, ഓരോ മാസവും അംശദായ തുക ബന്ധപ്പെട്ട പോസ്റ്റോഫീസിൽ അടച്ചതിനുശേഷം അംഗങ്ങൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ തന്റെ പാസ്ബുക്കും

രസീതും അംശദായം നൽകിയ വിവരം പാസ്ബുക്കിൽ രേഖപ്പെടുത്തുന്നതിനായി സമർപ്പിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. വിവിധ ജില്ലകളിലുള്ള അംഗങ്ങൾ പാസ്ബുക്കും രസീതുമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ പാസ്ബുക്കിൽ രേഖപ്പെടുത്തുന്നതിനായി ആസ്ഥാന ഓഫീസായ കോഴിക്കോട് എത്തുന്നത് പ്രായോഗികമല്ലെന്ന് സമിതി വിലയിരുത്തുന്നു. നിലവിൽ അംശദായം പോസ്റ്റോഫീസ് വഴി ഓൺലൈനായി തന്നെയാണ് അടയ്ക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. അംശദായം ഓൺലൈനായാണ് നിലവിൽ അടയ്ക്കുന്നതെന്നതിനാൽ, പ്രസ്തുത വിവരം പാസ്ബുക്കിൽ രേഖപ്പെടുത്തുന്നതിനായി ആസ്ഥാന ഓഫീസിൽ സമർപ്പിക്കേണ്ടതില്ലെന്നും അതിനായുള്ള അധികചെലവുകൾ ഒഴിവാക്കുന്നതിനായി, അംശദായ സ്റ്റേറ്റ്മെന്റ് ബോർഡിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിന് സൗകര്യം ഒരുക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ഖണ്ഡിക 14-ലെ 'അപ്രകാരം അംശദായം അടയ്ക്കുന്ന അംഗങ്ങൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ തന്റെ പാസ്ബുക്കും രസീതും അംശദായം നൽകിയ വിവരം പാസ്ബുക്കിൽ രേഖപ്പെടുത്തുന്നതിനായി സമർപ്പിക്കേണ്ടതാണ്' എന്നതിനുപകരം 'ഓരോ സാമ്പത്തിക വർഷാവസാനവും അംഗങ്ങൾക്ക് അംശദായ സ്റ്റേറ്റ്മെന്റ് ബോർഡിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. ഖണ്ഡിക 15(2) പ്രകാരമുള്ള നിധിയുടെ വാർഷിക റിപ്പോർട്ടുകൾ 2018-2019 വർഷം മുതൽ നിയമസഭയിൽ സമർപ്പിച്ചില്ലെന്ന് സമിതി കണ്ടെത്തി. പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം വാർഷിക റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും അടിയന്തരമായി അവ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇനി മുതലുള്ളവ യഥാസമയം സഭയിൽ സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

43. ഖണ്ഡിക 17(2) പ്രകാരം, ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ ചികിത്സ തുടങ്ങുന്നതിനു മുൻപോ ചികിത്സ കഴിഞ്ഞ് ആറു മാസത്തിനകമോ സമർപ്പിച്ചിരിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, പ്രസ്തുത ഖണ്ഡികയിലെ ക്ലിപ്തനിബന്ധനയിൽ ആറു മാസത്തിൽ കവിയാതെയുള്ള കാലതാമസം ബോർഡിന് മാപ്പാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് ഉചിതമല്ലെന്നും ആറു മാസത്തിൽ കവിയാതെയുള്ള കാലതാമസത്തിന് മാപ്പിന്റെ ആവശ്യകതയില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ഖണ്ഡിക 17(2)-ന്റെ ക്ലിപ്തനിബന്ധനയിലെ 'കവിയാതെയുള്ള' എന്നത് 'കവിഞ്ഞുള്ള' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. ഖണ്ഡിക 17(4)-ലെ രണ്ടാം വരിയിലെ 'ആനുകൂല്യത്തിനായി' എന്നത് ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ ഫാറം നമ്പർ 7-ലും ഖണ്ഡിക 17-ന്റെ തലക്കെട്ടിലും ഖണ്ഡിക 17(4)-ലെ ഒന്നാം വരിയിലും ഉള്ളതുപോലെ, 'ധനസഹായത്തിനായി' എന്നും മൂന്നാം വരിയിലെ 'സാക്ഷ്യപത്രം' എന്നത് 'സർട്ടിഫിക്കറ്റ് ' എന്നുമാക്കി ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. ഖണ്ഡിക 18(1)-ലെ 'പട്ടിക 1-ൽ വ്യക്തമാക്കിയ പ്രകാരമുള്ള' എന്നത് 'പട്ടിക 1 പ്രകാരമുള്ള' എന്നും 'ആനുകൂല്യത്തിന് ' എന്നത് ഖണ്ഡിക 18-ലെ തലക്കെട്ടിലേതു പോലെ 'ധനസഹായത്തിന് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. ഖണ്ഡിക 18(2)-ലെ രണ്ടാം വരിയിലെ 'ഒരവകാശിക്ക് ' എന്നത് നാലാം വരിയിലേതുപോലെ 'അവകാശിക്ക് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. ഖണ്ഡിക 18(3)-ലെ 'ആനുകൂല്യത്തിനുള്ള ' എന്നത് ഖണ്ഡിക 18-ന്റെ തലക്കെട്ടിലും അപേക്ഷ ഫാറം നമ്പർ 8-ലും ഉള്ളതുപോലെ, 'ധനസഹായത്തിനുള്ള' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. ഖണ്ഡിക 18(3) പ്രകാരമുള്ള മരണാനന്തര ധനസഹായത്തിനുള്ള അപേക്ഷ എത്ര സമയത്തിനുള്ളിൽ സമർപ്പിക്കണമെന്നും എത്ര സമയത്തിനുള്ളിൽ തീരുമാനം എടുക്കണമെന്നും പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

49. ഖണ്ഡിക 18(4)-ലെ ആദ്യവരിയിലെ 'ആനുകൂല്യം' എന്നത് ഖണ്ഡിക 18-ന്റെ തലക്കെട്ടിലും അപേക്ഷ ഫാറം നമ്പർ 8-ലും ഉള്ളതുപോലെ 'ധനസഹായം' എന്നും 'അപേക്ഷ യോടൊപ്പം' എന്നത് 'അപേക്ഷയോടൊപ്പം' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

50. മരണാനന്തര ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ തഹസിൽദാർ നൽകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ് കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണെന്ന് ഖണ്ഡിക 18(4)-ൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

51. ഖണ്ഡിക 19-ലെ 'വായ്പ നൽകുന്നതാണ് 'എന്നതിനുപകരം 'വായ്പയായി, ബോർഡിൽ നിന്നുള്ള സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ, വിവാഹ ആവശ്യത്തിന് നൽകുന്നതാണ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

52. ഖണ്ഡിക 19 പ്രകാരമുള്ള വിവാഹ ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം ഏതെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53. ഖണ്ഡിക 19 പ്രകാരമുള്ള വിവാഹ ധനസഹായത്തിനും വായ്പയ്ക്കുമായി എത്ര സമയത്തിനുള്ളിൽ അപേക്ഷ നൽകണമെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54. ഖണ്ഡിക 20(2) പ്രകാരം, പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ ഫാറം നമ്പർ 10-ൽ നൽകുമ്പോൾ 'അംഗത്വ തിരിച്ചറിയൽ കാർഡ് 'കൂടി അപേക്ഷയോടൊപ്പം ഹാജരാക്കണമെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55. ഖണ്ഡിക 20(2) പ്രകാരമുള്ള പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ എത്ര സമയത്തിനുള്ളിൽ സമർപ്പിക്കണമെന്നും പരമാവധി എത്ര സമയത്തിനുള്ളിൽ പെൻഷൻ അനുവദിക്കുന്നതിനുള്ള തീരുമാനം എടുക്കണമെന്നും പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. ഖണ്ഡിക 21 പ്രകാരമുള്ള കുടുംബ പെൻഷനുള്ള അപേക്ഷയോടൊപ്പം ഏതെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. ഖണ്ഡിക 21 പ്രകാരമുള്ള കുടുംബ പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ എത്ര സമയത്തിനുള്ളിൽ സമർപ്പിക്കണമെന്നും പരമാവധി എത്ര സമയത്തിനുള്ളിൽ പെൻഷൻ അനുവദിക്കുന്നതിനുള്ള തീരുമാനം എടുക്കണമെന്നും പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. ഖണ്ഡിക 22 പ്രകാരമുള്ള അവശതാ പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ എത്ര സമയത്തിനുള്ളിൽ സമർപ്പിക്കണമെന്നും പരമാവധി എത്ര സമയത്തിനുള്ളിൽ അവശതാ പെൻഷൻ അനുവദിക്കുന്നതിനുള്ള തീരുമാനം എടുക്കണമെന്നും പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. ഖണ്ഡിക 23(2)-ലെ നാലാം വരിയിലെ 'നൽകുന്നതിനും' എന്നത് 'നേടുന്നതിനും' എന്നും പലിശരഹിത വായ്പയായി പരമാവധി എത്ര രൂപ നൽകുമെന്നും വ്യക്തമായി പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. ഖണ്ഡിക 24(2)-ലെ രണ്ടാം വരിയിലെ '18 ശതമാനം' എന്നത് 'പതിനെട്ട് ശതമാനം' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

61. ഖണ്ഡിക 25 പ്രകാരം, നിധിയിലെ ഒരംഗം നിധിയിലേക്ക് അടയ്ക്കുന്ന അംശദായവും നിധിയിലെ വിഹിതവും ചേർന്നുള്ള തുക പ്രസ്തുത അംഗത്തിന്റെ മരണാനന്തരമോ പ്രസ്തുത അംഗത്തിന് 60 വയസ്സ് പൂർത്തിയാകുമ്പോഴോ തൊഴിൽ ലഭിച്ച് പോകുമ്പോഴോ പ്രസ്തുത അംഗത്തിന് തിരികെ നൽകുന്നതാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഓർഡിനൻസിലെ 3(5)(എ)-യുടെ രണ്ടാം വിശദീകരണം പ്രകാരം അഞ്ചു വർഷത്തിൽ കുറഞ്ഞ കാലയളവ് മാത്രം ക്ഷേമനിധിയിൽ അംശദായം അടച്ച ഒരംഗത്തിന് ജോലിയിൽ തുടരാനാകാതെ വരുന്ന സംഗതിയിൽ ആ അംഗം ക്ഷേമനിധിയിൽ അടച്ച തുകയ്ക്ക് മാത്രം അർഹത ഉണ്ടായിരിക്കുന്നതാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. കൂടുതൽ വ്യക്തത വരുത്തുന്നതിനായി, ഖണ്ഡിക 25-ലെ 'തൊഴിൽ ലഭിച്ച് പോകുമ്പോഴോ' എന്നത് 'അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചതിനുശേഷം ജോലിയിൽ തുടരാനാകാതെ വരുമ്പോഴോ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

62. ഖണ്ഡിക 25-ലെ '60' എന്നത് 'അറുപത്' എന്നും മരണാനന്തരം, നിധിയിലെ അംഗത്തിന് റീഫണ്ട് നൽകുവാൻ സാധിക്കാത്തതിനാൽ നാലാം വരിയിലെ 'അംഗത്തിന് ' എന്നത് 'അനന്തരാവകാശിക്ക്/അംഗത്തിന് 'എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63. ഖണ്ഡിക 26-ലെ പ്രസവാനുകൂല്യം ലഭിക്കുന്നതിന് കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്നും പ്രസവത്തിനുശേഷം എത്ര മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണമെന്നും പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

64. ഖണ്ഡിക 26 പ്രകാരമുള്ള പ്രസവാനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഏതെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

65. ഖണ്ഡിക 27-ലെ നാലാം വരിയിലെ വാക്കുകൾക്ക് ഇടയിലുള്ള അകലം വളരെ കൂടുതലാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആധികാരികമായി ചട്ടങ്ങൾ/പദ്ധതി എന്നിവ ഗസറ്റ് വിജ്ഞാപനം ചെയ്യുമ്പോൾ ഇത്തരത്തിലുള്ള പിഴവ് ഒഴിവാക്കേണ്ടിയിരുന്നുവെന്ന്

വിലയിരുത്തിയ സമിതി, ഭാവിയിൽ ഇത്തരത്തിലുള്ള ന്യൂനതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

66. ഖണ്ഡിക 27 പ്രകാരമുള്ള ഭവന നിർമ്മാണ/പുനരുദ്ധാരണ വായ്പയുടെ തിരിച്ചടവ് കാലയളവ് ആയ 'ഏഴുവർഷം അഥവാ 84 മാസം' എന്നത് ഒന്നുതന്നെയായതിനാൽ, 'ഏഴുവർഷം അഥവാ' എന്നത് ഒഴിവാക്കുന്നതിനും '84' എന്നത് 'എൺപത്തിനാല് ' എന്ന് മാറ്റണമെന്നും വായ്പയ്ക്കായി ഒരു അപേക്ഷാ ഫാറം പദ്ധതിയിൽ ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

67. ഖണ്ഡിക 27 പ്രകാരമുള്ള ഭവന നിർമ്മാണ/പുനരുദ്ധാരണ വായ്പ 200 പേർക്ക് മാത്രമായി പദ്ധതിയിൽ നിജപ്പെടുത്തിയത് അനുചിതമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ഖണ്ഡിക 27-ലെ '(200 പേർക്ക്)' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

68. ഫാറം നമ്പർ 1 പ്രകാരമുള്ള അംഗത്വത്തിനുള്ള അപേക്ഷയിൽ, അപേക്ഷകന്റെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കുകയാണെങ്കിൽ അപേക്ഷകനെ തിരിച്ചറിയുന്നതിനും ഭാവിയിലെ മറ്റ് കാര്യങ്ങൾക്കും സഹായകമാകുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ഫോട്ടോ പതിക്കുന്നതിനുള്ള സ്ഥലം കൂടി ഫാറം നമ്പർ 1-ൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

69. ഫാറം നമ്പർ 1-ലെ ക്രമനമ്പർ 1, 2, 8 എന്നിവയിൽ അപേക്ഷകന്റെ ജില്ല, പഞ്ചായത്ത്/നഗരസഭ, ജോലി ചെയ്യുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല, പഞ്ചായത്ത്/ നഗരസഭ എന്നിവയുടെ കോഡ് നമ്പരാണ് രേഖപ്പെടുത്തേണ്ടതെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ ജില്ല, പഞ്ചായത്ത്/നഗരസഭ എന്നിവയുടെ കോഡ് നമ്പർ പദ്ധതിയിൽ പട്ടിക രൂപത്തിൽ ചേർത്തിട്ടില്ലാത്ത സാഹചര്യത്തിലും കോഡ് നമ്പറിന് ഭാവിയിൽ മാറ്റം വരാൻ സാധ്യതയുള്ളതിനാലും ഫാറം നമ്പർ 1-ലെ ക്രമനമ്പർ 1, 2, 8 എന്നിവയിലെ 'കോഡ് നമ്പർ-' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

70. ഫാറം നമ്പർ 1-ലെ ക്രമനമ്പർ 4 ആയ 'സ്ഥിര മേൽവിലാസം' എന്നത് കൂടുതൽ വ്യക്തമാക്കുന്നതിനായി, 'സ്ഥിര മേൽവിലാസം (താലൂക്ക്, വില്ലേജ്, പോസ്റ്റ് ഓഫീസ്, പിൻകോഡ് സഹിതം)' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

71. സ്ഥിര മേൽവിലാസത്തിൽ നിന്നും മാറി താമസിക്കുന്നവരുടെ വിലാസം രേഖപ്പെടുത്തുന്നതിനായി, ഫാറം നമ്പർ 1-ലെ ക്രമനമ്പർ 5 ആയ 'പോസ്റ്റ് ഓഫീസ്/ പിൻകോഡ് ' എന്നത് 'ഇപ്പോഴത്തെ പൂർണ്ണ മേൽവിലാസം' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

72. ഫാറം നമ്പർ 1-ലെ ക്രമനമ്പർ 6 ആയ 'ജനനത്തീയതി*' എന്നതിലെ '*' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

73. പ്രായം അക്ഷരത്തിൽ എഴുതുന്നതിനുള്ള സ്ഥലത്തിനായി, ഫാറം നമ്പർ 1-ലെ ക്രമനമ്പർ 7 ആയ 'പ്രായം : (അക്ഷരത്തിൽ)' എന്നത് 'പ്രായം (അക്ഷരത്തിൽ) : ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

74. ഫാറം നമ്പർ 1-ൽ 'അപേക്ഷകന്റെ ലിംഗം, പിതാവിന്റെ/ മാതാവിന്റെ/ ഭർത്താവിന്റെ/ ഭാര്യയുടെ പേര്, വൈവാഹിക പദവി' എന്നിവ കൂടി അപേക്ഷ ഫാറത്തിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

75. ഫാറം നമ്പർ 1-ന്റെ ക്രമനമ്പർ 9-ലെ ആദ്യ ഇനമായ 'അദ്ധ്യാപനം നടത്തുന്ന മദ്രസ്സയുടെ/തൊഴിൽദാതാവിന്റെ പേരും പൂർണ്ണ മേൽവിലാസവും' എന്നത് 'അദ്ധ്യാപനം നടത്തുന്ന മദ്രസ്സയുടെ/തൊഴിൽദാതാവിന്റെ പേരും പൂർണ്ണ മേൽവിലാസവും (താലൂക്ക്, വില്ലേജ്, പോസ്റ്റ് ഓഫീസ്, പിൻകോഡ് സഹിതം) ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

76. വർഷം അക്ഷരത്തിൽ എഴുതുന്നതിനുള്ള സ്ഥലത്തിനായി, ഫാറം നമ്പർ 1-ലെ ക്രമനമ്പർ 10 ആയ 'മദ്രസ്സാദ്ധ്യാപന ജോലി തുടങ്ങിയ വർഷം : (അക്ഷരത്തിൽ)' എന്നത് 'മദ്രസ്സാദ്ധ്യാപന ജോലി തുടങ്ങിയ വർഷം (അക്ഷരത്തിൽ) :' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

77. ഫാറം നമ്പർ 1-ലെ ക്രമനമ്പർ 18-ലെ 'വിഹിതം അടയ്ക്കാൻ ചുമതലപ്പെട്ട മദ്രസ്സ സ്ഥാപനത്തിന്റെ പൂർണ്ണ മേൽവിലാസം' എന്നതിന്റെ അവസാനമായി '(പിൻകോഡ് സഹിതം)' എന്ന് കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

78. പുരുഷനും സ്ത്രീയും അപേക്ഷകരായി വരാമെന്നതിനാൽ ഫാറം നമ്പർ 1-ലെ 'അപേക്ഷകന്റെ സത്യപ്രസ്താവന' എന്ന തലക്കെട്ട് 'സത്യപ്രസ്താവന' എന്നും 'അപേക്ഷകന്റെ പേര് ' എന്നത് 'പേര് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

79. ഫാറം നമ്പർ 1-ലെ 'സ്ഥാപന മേധാവിയുടെ ശുപാർശ' എന്ന തലക്കെട്ടിലെയും മൂന്നാം വരിയിലെ 'ശുപാർശ' എന്നതും 'ശിപാർശ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

80. ഫാറം നമ്പർ 1-ലെ സ്ഥാപന മേധാവിയുടെ ശുപാർശ എന്നതിന്റെ അവസാന ഭാഗത്തുള്ള 'തീയതി:' എന്നതിന് മുകളിലായി 'സ്ഥലം:' എന്നും 'ഒപ്പ് :' എന്നതിന്റെ താഴെയായി 'പേര് : ' എന്നും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

81. ഫാറം നമ്പർ 1 പ്രകാരമുള്ള അപേക്ഷ അംഗീകരിച്ചോ നിരസിച്ചോ എന്ന് അറിയുന്നതിനായി, 'ഓഫീസ് ഉപയോഗത്തിന് ' എന്ന തലക്കെട്ടിന് താഴെയായി 'അപേക്ഷ അംഗീകരിച്ചു/നിരസിച്ചു' എന്നും അതിന് താഴെയായി, അപേക്ഷ നിരസിച്ചുവെങ്കിൽ അത് രേഖപ്പെടുത്തുന്നതിനായി 'അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ' എന്നും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

82. ഫാറം നമ്പർ 1-ലെ ഓഫീസ് ഉപയോഗത്തിന് എന്ന തലക്കെട്ടിന് താഴെയുള്ള 'ജില്ലാ കോഡ് നമ്പർ', 'പോസ്റ്റോഫീസ് കോഡ് ' എന്നിവ യഥാക്രമം 'ജില്ല', 'പോസ്റ്റോഫീസ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

83. ഫാറം നമ്പർ 1-ലെ ഓഫീസ് ഉപയോഗത്തിന് എന്ന തലക്കെട്ടിന് താഴെ 'മാസവിഹിതം അടയ്ക്കേണ്ട കേന്ദ്രം' എന്നും 'പണം അടയ്ക്കേണ്ട പോസ്റ്റ് ഓഫീസ് ' എന്നും ചേർത്തിരിക്കുന്നതിൽ വൈരുദ്ധ്യമുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. രണ്ടും ഒന്നു തന്നെയായതിനാൽ, 'മാസവിഹിതം അടയ്ക്കേണ്ട കേന്ദ്രം:' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

84. ഫാറം നമ്പർ 1-ലെ ഓഫീസ് ഉപയോഗത്തിന് എന്ന തലക്കെട്ടിന് താഴെ അവസാന ഭാഗത്ത്, ഇടത് വശത്തായി 'സ്ഥലം:', 'തീയതി:' എന്നിവയും മദ്ധ്യ ഭാഗത്തായി '(ഓഫീസ് സീൽ)' എന്നും ചേർക്കണമെന്നും അപേക്ഷ അംഗീകരിച്ച ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആരാണെന്ന് ഭാവിയിലും അറിയുന്നതിലേക്കായി 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ' എന്നത് 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേര്' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

85. ഫാറം നമ്പർ 1 പ്രകാരമുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ ഏതെല്ലാമെന്ന് കുറിപ്പായി ഫാറത്തിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

86. ഫാറം നമ്പർ 2-ൽ '(ഫോട്ടോ രജിസ്റ്ററിംഗ് അധികാരസ്ഥാനം സാക്ഷ്യപ്പെടുത്തേണ്ടതാണ്)' എന്നത് '(ഫോട്ടോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്)' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

87. ഫാറം നമ്പർ 2-ന്റെ അവസാന ഭാഗത്തുള്ള 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ' എന്നത് 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേര് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

88. ഫാറം നമ്പർ 3 പ്രകാരം, അംഗത്വ രജിസ്റ്റർ ബോർഡിന്റെ സെക്രട്ടറിയും രജിസ്റ്ററിംഗ് അധികാരസ്ഥാനവും സൂക്ഷിക്കേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ, ഓർഡിനൻസിലെ വകുപ്പ് 6(4) പ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും ബോർഡിന് സെക്രട്ടറിക്ക് പകരം ചെയർമാനാണ് ഉള്ളതെന്നും ഖണ്ഡിക 11(4) പ്രകാരം അംഗത്വ രജിസ്റ്റർ രേഖപ്പെടുത്തി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂക്ഷിക്കേണ്ടതാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും സമിതി കണ്ടെത്തി. അതിനാൽ, ഫാറം നമ്പർ 3-ലെ '(അംഗത്വ രജിസ്റ്റർ ബോർഡിന്റെ സെക്രട്ടറിയും രജിസ്റ്ററിംഗ് അധികാരസ്ഥാനവും സൂക്ഷിക്കേണ്ടതാണ് )' എന്നത് '(അംഗത്വ രജിസ്റ്റർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂക്ഷിക്കേണ്ടതാണ്)' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

89. ഫാറം നമ്പർ 3 പ്രകാരമുള്ള അംഗത്വ രജിസ്റ്ററിന്റെ (2)-ാം കോളത്തിലെ 'അംഗത്തിന്റെ പേരും മേൽവിലാസവും' എന്നത് 'അംഗത്തിന്റെ പേരും സ്ഥിര മേൽവിലാസവും' എന്നും (3)-ാം കോളമായി 'താൽകാലിക മേൽവിലാസം' രേഖപ്പെടുത്തുന്നതിനുള്ള സ്ഥലം കൂടി ചേർത്ത് തുടർകോളങ്ങൾ പുനരക്കം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

90. ഫാറം നമ്പർ 3-ലെ (3)-ാം കോളത്തിലെ 'ഭർത്താവിന്റെ പേര് എന്നത് 'ഭർത്താവിന്റെ/ഭാര്യയുടെ പേര് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

91. ഫാറം നമ്പർ 3-ലെ (5)-ാം കോളത്തിലെ 'നോമിനി/നോമിനികളുടെ പേര് ' എന്നത് 'നോമിനി/നോമിനികളുടെ പേരും അംഗവുമായുള്ള ബന്ധവും' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

92. ഫാറം നമ്പർ 3-ലെ (6)-ാം കോളത്തിലെ 'അപേക്ഷയുടെ തീയതിയും നമ്പരും' എന്നത് ഫാറം 1-ലെ 'ഓഫീസ് ഉപയോഗത്തിന് ' എന്ന ഭാഗത്തുള്ളതുപോലെ 'അപേക്ഷയുടെ തീയതിയും അപേക്ഷ രജിസ്റ്റർ നമ്പരും 'എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

93. ഫാറം നമ്പർ 3-ലെ (7)-ാം കോളത്തിലെ 'അംഗത്വം നൽകിയ തീയതിയും നമ്പരും' എന്നത് 'അംഗത്വം നൽകിയ തീയതിയും അംഗത്വ നമ്പരും' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

94. ഓരോ അംഗത്തിന്റെയും വിവരങ്ങൾ കൃത്യമായി അംഗത്വ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി, ഫാറം നമ്പർ 3-ന്റെ അവസാനമായി, ഓരോ പേജിന്റെയും ഇടത് വശത്തായി 'സ്ഥലം, തീയതി' എന്നിവയും മദ്ധ്യ ഭാഗത്തായി '(ഓഫീസ് സീൽ)' എന്നും വലത് വശത്തായി 'ഒപ്പ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേര് ' എന്നിവയും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

95. ഫാറം നമ്പർ 4 പ്രകാരമുള്ള അംഗത്വ തിരിച്ചറിയൽ കാർഡിലെ 'പൂർണ്ണ വിലാസം' എന്നത് 'പൂർണ്ണ മേൽവിലാസം' എന്നും 'ജില്ലാ കോഡ് നമ്പർ' എന്നത് 'ജില്ല' എന്നും 'സ്റ്റേറ്റ് കോഡ് നമ്പർ' എന്നത് 'സംസ്ഥാനം' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

96. ഫാറം നമ്പർ 4 പ്രകാരമുള്ള അംഗത്വ തിരിച്ചറിയൽ കാർഡിൽ 'കാർഡ് നമ്പർ, പ്രവൃത്തി സ്ഥലം, ഫോൺ നമ്പർ, ജനന തീയതി, വിരമിക്കൽ തീയതി' എന്നിവ കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

97. ഫാറം നമ്പർ 4-ന്റെ അവസാന ഭാഗത്തെ ഇടത് വശത്തുള്ള 'ഓഫീസ് സീൽ' എന്നത് '(ഓഫീസ് സീൽ)' എന്നാക്കി മദ്ധ്യ ഭാഗത്തേക്കും വലത് വശത്തുള്ള 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ' എന്നത് 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേര് ' എന്നാക്കണമെന്നും ഇടത് വശത്ത് 'സ്ഥലം, തീയതി' എന്നിവ കൂടി ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

98. ഫാറം നമ്പർ 5 പ്രകാരമുള്ള പാസ് ബുക്കിൽ 'അംഗത്വ നമ്പർ, അക്കൗണ്ട് നമ്പർ' എന്നിവ കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

99. ഫാറം നമ്പർ 5-ലെ ക്രമനമ്പർ 2,8 എന്നിവയിലെ 'പൂർണ്ണ വിലാസം' എന്നത് 'പൂർണ്ണ മേൽവിലാസം' എന്നും നോമിനേഷൻ ഫാറത്തിലേതുപോലെ, ക്രമനമ്പർ 7-ലെ 'അവകാശിയുടെ പേര് ' എന്നത് 'നോമിനിയുടെ പേര് ' എന്നും ക്രമനമ്പർ 9-ലെ

'അവകാശിയുമായുള്ള ബന്ധം' എന്നത് 'നോമിനിയുമായുള്ള ബന്ധം' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

100. ഫാറം നമ്പർ 5-ലെ 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പ് ' എന്നത് 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും' എന്നും '(സീൽ)' എന്നത് '(ഓഫീസ് സീൽ)' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

101. മദ്രസ്സാദ്ധ്യാപകൻ അടച്ച അംശദായം രേഖപ്പെടുത്തുന്നതിനായി, ഫാറം നമ്പർ 5 പ്രകാരമുള്ള പാസ് ബുക്കിൽ നാലാം കോളമായി 'വരിസംഖ്യ തുക' എന്ന് കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

102. ഫാറം നമ്പർ 5 പ്രകാരമുള്ള പാസ് ബുക്കിന്റെ നാലാം കോളത്തിലെ 'പിഴപലിശ' എന്നത് 'പിഴ തുക' എന്ന് മാറ്റം വരുത്തി, അഞ്ചാം കോളമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

103. ഓർഡിനൻസിലെ 5(2)-ാം വകുപ്പ് പ്രകാരം, ഓരോ കമ്മിറ്റിയും കമ്മിറ്റിയുടെ കീഴിലുള്ള ഓരോ മദ്രസ്സാദ്ധ്യാപകനും വേണ്ടി പ്രതിമാസം അമ്പത് രൂപ അംശദായം അടയ്ക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. ഒരംഗത്തിനുള്ള അംശദായം മദ്രസ്സാ കമ്മിറ്റി യഥാസമയം അടയ്ക്കുന്നുണ്ടെന്ന് അംഗത്തിന് നിലവിൽ അറിയുവാൻ സാധിക്കാത്ത സാഹചര്യമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ, ഫാറം നമ്പർ 5 പ്രകാരമുള്ള പാസ് ബുക്കിൽ 'ആകെ തുക' എന്ന കോളത്തിന് മുൻപായി 'മദ്രസ്സ കമ്മിറ്റി അടച്ച അംശദായം' രേഖപ്പെടുത്താനായി ഒരു കോളം കൂടി ചേർക്കണമെന്നും പാസ് ബുക്കിലെ എല്ലാ കോളങ്ങൾക്കും നമ്പർ കൂടി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

104. ഫാറം നമ്പർ 5 പ്രകാരമുള്ള പാസ് ബുക്കിന്റെ നാലാം കോളത്തിൽ 'പിഴപലിശ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എപ്രകാരമാണ് 'പിഴതുക' കണക്കാക്കുന്നതെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, 'പിഴതുക' കണക്കാക്കുന്നത് എപ്രകാരമെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

105. ഓർഡിനൻസിലെ 8-ാം വകുപ്പ് പ്രകാരം, ആറുമാസം തുടർച്ചയായ അംശദായം അടയ്ക്കാത്തതിനാൽ അംഗത്വം നഷ്ടമായ ഒരംഗത്തിന് അംഗത്വം അവസാനിപ്പിക്കപ്പെട്ട തീയതി മുതൽ ഒരു വർഷത്തിനകം മുഴുവൻ അംശദായവും ഒരുമിച്ചടച്ചാൽ അംഗത്വം പുനരുജ്ജീവിപ്പിച്ച് നൽകാവുന്നതാണെന്ന് സമിതി മനസ്സിലാക്കുന്നു. അംശദായം യഥാസമയം അടയ്ക്കാത്തതിന് 'പിഴതുക' ഈടാക്കുന്നതിനാൽ, അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിനായി മുഴുവൻ അംശദായത്തോടൊപ്പം പിഴതുകയും ഈടാക്കാൻ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

106. ഫാറം നമ്പർ 6 പ്രകാരമുള്ള നോമിനേഷൻ ഫാറത്തിലെ കോളം (4)-ലെ 'അപേക്ഷകനമായുള്ള ബന്ധം' എന്നത് 'അപേക്ഷകൻ/അപേക്ഷകയുമായുള്ള ബന്ധം' എന്നും 'അപേക്ഷകന്റെ ഒപ്പും പേരും' എന്നത് 'ഒപ്പും പേരും' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

107. ഫാറം നമ്പർ 6-ലെ '(ഒപ്പ്), ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ' എന്നിവ 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും' എന്നാക്കണമെന്നും മദ്ധ്യഭാഗത്തായി '(ഓഫീസ് സീൽ)' എന്ന് ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

108. ഫാറം നമ്പർ 6-ലെ ഒന്നാം കുറിപ്പിലെ 'അംഗത്വ കാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ' എന്നത് 'അംഗത്വ സർട്ടിഫിക്കറ്റ്, അംഗത്വ തിരിച്ചറിയൽ കാർഡ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

109. ഫാറം നമ്പർ 6-ലെ രണ്ടാം കുറിപ്പ് പ്രകാരം, ശരിയായി പൂരിപ്പിച്ച 2 സെറ്റ് അപേക്ഷ ഫോറം സമർപ്പിക്കേണ്ടതാണ് എന്നതിലെ '2' എന്നത് 'രണ്ട് ' എന്നും 'ഫോറം' എന്നത് 'ഫാറം' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

110. ഫാറം നമ്പർ 7 പ്രകാരമുള്ള ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷയിൽ 'അംഗത്തിന്റെ പ്രവൃത്തി സ്ഥലം, അംഗത്വ കാലയളവ് ' എന്നിവ കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

111. ഫാറം നമ്പർ 7 പ്രകാരമുള്ള ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷയുടെ കുറിപ്പിൽ, ഖണ്ഡിക 17(5)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ, 'ഡിസ്ചാർജ് സർട്ടിഫിക്കറ്റ്, അംഗത്വ സർട്ടിഫിക്കറ്റ് ' എന്നിവ കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

112. ഫാറം നമ്പർ 7 പ്രകാരമുള്ള ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷയിൽ, ചികിത്സാ ധനസഹായമായി അനുവദിച്ച തുകയും അപേക്ഷ നിരസിക്കുകയാണെങ്കിൽ അതിനുള്ള കാരണങ്ങളും 'ഓഫീസ് ഉപയോഗത്തിന് ' എന്ന തലക്കെട്ട് ചേർത്ത് അതിന് താഴെയായി ഫാറത്തിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

113. ഫാറം നമ്പർ 8 പ്രകാരമുള്ള മരണാനന്തര ധനസഹായത്തിനുള്ള അപേക്ഷയിൽ 'അംഗത്തിന്റെ അവസാന പ്രവൃത്തി സ്ഥലം, ആകെ അംഗത്വ കാലയളവ്, അപേക്ഷകൻ

മൈനർ ആണെങ്കിൽ രക്ഷിതാവിന്റെ പേരും മേൽവിലാസവും' എന്നിവ കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

114. മരണാനന്തര ധനസഹായത്തിന് അപേക്ഷ പരിഗണിക്കുന്നതിനോടൊപ്പമാണ് ശവസംസ്കാര ചെലവുകൾക്കായിട്ടുള്ള തുകയും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. അതുകൊണ്ട്, ഖണ്ഡിക 18(1) പ്രകാരമുള്ള മരണാനന്തര ധനസഹായവും 18(2) പ്രകാരമുള്ള ശവസംസ്കാര ചെലവുകൾക്കായിട്ടുള്ള ധനസഹായവും എത്രയാണ് അനുവദിച്ചതെന്ന് പ്രത്യേകം രേഖപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ഫാറം നമ്പർ 8-ലുള്ള മരണാനന്തര ധനസഹായത്തിനുള്ള അപേക്ഷയിന്മേൽ മരണാനന്തര ധനസഹായം, ശവസംസ്കാര ചെലവുകൾക്കായിട്ടുള്ള ധനസഹായം എന്നിവയ്ക്ക് അനുവദിച്ച തുക എത്രയാണെന്ന് പ്രത്യേകം രേഖപ്പെടുത്തണമെന്നും അപേക്ഷ നിരസിക്കുകയാണെങ്കിൽ അതിനുള്ള കാരണങ്ങളും 'ഓഫീസ് ഉപയോഗത്തിന് ' എന്ന തലക്കെട്ടിന് താഴെയായി ഫാറത്തിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

115. ഫാറം നമ്പർ 8-ന്റെ കുറിപ്പിലെ 'അസ്സൽ അംഗത്വ കാർഡ്/തഹസിൽദാർ നൽകുന്ന അവകാശ സർട്ടിഫിക്കറ്റ് 'എന്നതിലെ '/' എന്നത് ',' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

116. ഖണ്ഡിക 18(4)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ, ഫാറം നമ്പർ 8-ലെ കുറിപ്പിൽ 'അസ്സൽ നോമിനേഷൻ, നോമിനി പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് 'എന്നിവ കൂടി ഹാജരാക്കേണ്ടതാണെന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

117. ഫാറം നമ്പർ 9-ലുള്ള വിവാഹ ധനസഹായത്തിനുള്ള അപേക്ഷയിൽ അംഗത്തിന്റെ 'അംഗത്വ കാലയളവ്, പ്രവൃത്തി സ്ഥലം,ആരുടെ വിവാഹാവശ്യം, വിവാഹിതയാകുന്നയാൾ അംഗത്തിന്റെ മകളാണെങ്കിൽ പേര്, ജനന തീയതിയും വയസ്സും, വിവാഹ തീയതിയും സ്ഥലവും, വരന്റെ/വധുവിന്റെ പേരും പൂർണ്ണ മേൽവിലാസവും, ജനന തീയതിയും വയസ്സും, അപേക്ഷിക്കുന്ന തുക' എന്നിവ കൂടി ഫാറത്തിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

118. ഫാറം നമ്പർ 9-ന്റെ കുറിപ്പിലെ 'അംഗത്വ കാർഡിന്റെ പകർപ്പ്' എന്നത് 'അംഗത്വ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്' എന്നും 'അംഗത്വ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, വിവാഹ സർട്ടിഫിക്കറ്റ് ' എന്നിവ കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ് എന്നും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

119. ഫാറം നമ്പർ 9-ൽ വിവാഹ ധനസഹായമായി അനുവദിച്ച തുക എത്രയാണെന്നും അപേക്ഷ നിരസിക്കുകയാണെങ്കിൽ അതിനുള്ള കാരണങ്ങളും 'ഓഫീസ് ഉപയോഗത്തിന് ' എന്ന തലക്കെട്ട് ചേർത്ത് അതിന് താഴെയായി ഫാറത്തിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

120. ഫാറം നമ്പർ 10 പ്രകാരമുള്ള പെൻഷൻ/കുടുംബ പെൻഷനുള്ള അപേക്ഷയിൽ, കുടുംബ പെൻഷൻ നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ഫാറത്തിൽ ചേർത്തിട്ടില്ലെന്ന് സമിതി കണ്ടെത്തി. അതിനാൽ, 'അപേക്ഷകന്റെ പേര്, പൂർണ്ണ മേൽവിലാസം, അംഗവുമായുള്ള ബന്ധം, അംഗം വിരമിച്ച തീയതി, മരണപ്പെട്ട തീയതി, ലഭിക്കുന്ന പെൻഷൻ തുക, പെൻഷൻ നമ്പർ, അപേക്ഷകൻ മൈനർ ആണെങ്കിൽ രക്ഷിതാവിന്റെ പേരും മേൽവിലാസവും, അർഹതപ്പെട്ട കുടുംബ പെൻഷൻ തുക, ആവശ്യമായ മറ്റ് വിവരങ്ങളും'; കുറിപ്പായി, 'അംഗത്തിന്റെ മരണ സർട്ടിഫിക്കറ്റ്, അവകാശം തെളിയിക്കുന്നതിനായി തഹസിൽദാർ നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെ ഹാജരാക്കേണ്ട രേഖകളും ' ഉൾപ്പെടുത്തി ഖണ്ഡിക 21 പ്രകാരമുള്ള കുടുംബ പെൻഷനായി പ്രത്യേക ഫാറം പദ്ധതിയിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

121. ഫാറം നമ്പർ 10-ന്റെ തലക്കെട്ടായ 'പെൻഷൻ/കുടുംബ പെൻഷനുള്ള അപേക്ഷ' എന്നത് 'പെൻഷനുള്ള അപേക്ഷ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

122. ഫാറം നമ്പർ 10-ലെ '(ഖണ്ഡിക 21 കാണുക)' എന്നതിലെ ഖണ്ഡിക 21 എന്നത് കുടുംബ പെൻഷനുമായി ബന്ധപ്പെട്ടതാണെന്നും പെൻഷനുമായി ബന്ധപ്പെട്ട ഖണ്ഡിക '20(2)' ആണെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ഫാറം നമ്പർ 10-ലെ '(ഖണ്ഡിക 21 കാണുക)' എന്നത് '(ഖണ്ഡിക 20(2) കാണുക)' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

123. ഫാറം നമ്പർ 10-ന്റെ ക്രമനമ്പർ 3(4)-ലെ 'പോസ്റ്റ്' ' എന്നത് 'പോസ്റ്റോഫീസ്'എന്നും അവസാന ഭാഗത്തെ 'അപേക്ഷകന്റെ പേര് എന്നത് 'പേര് ' എന്നുമാക്കണമെന്നും 'അവസാനം ജോലി ചെയ്തിരുന്ന സ്ഥലം, ഹാജരാക്കേണ്ട രേഖകൾ' എന്നിവ ഫാറത്തിൽ ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

124. ഫാറം നമ്പർ 10-ന്റെ കുറിപ്പിൽ 'അംഗത്വ തിരിച്ചറിയൽ കാർഡ് ' കൂടി ഉള്ളടക്കം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

125. ഫാറം നമ്പർ 10-ൽ പെൻഷനായി അനുവദിച്ച തുക എത്രയാണെന്നും അപേക്ഷ നിരസിക്കുകയാണെങ്കിൽ അതിനുള്ള കാരണങ്ങളും 'ഓഫീസ് ഉപയോഗത്തിന് ' എന്ന തലക്കെട്ട് ചേർത്ത് അതിന് താഴെയായി ഫാറത്തിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

126. ഖണ്ഡിക 22(1) പ്രകാരം, അവശതാ പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ ഫാറം നമ്പർ 11-ൽ ആയിരിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ, ഫാറം നമ്പർ 11-ന്റെ തലക്കെട്ടായ 'സ്ഥിരമായ ശാരീരിക അവശതമൂലം ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ ക്ഷേമനിധിയിൽ അംഗത്വം അവസാനിപ്പിക്കുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അംശദായ തുക തിരിച്ചു കിട്ടുന്നതിനുള്ള അപേക്ഷ' എന്നത് 'അവശതാ പെൻഷനുള്ള അപേക്ഷ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

127. ഫാറം നമ്പർ 11-ന്റെ ക്രമനമ്പർ 3(4)-ലെ 'പോസ്റ്റ് ' എന്നത് 'പോസ്റ്റോഫീസ് ' എന്നും ക്രമനമ്പർ 8-ലെ 'ജോലിയിൽ നിന്നും വിരമിച്ച തീയതി' എന്നത് 'അവശത മൂലം ജോലിയിൽ നിന്നും വിരമിച്ച തീയതി' എന്നും ക്രമനമ്പർ 13-ലെ 'അർഹതപ്പെട്ട വിരമിക്കൽ തുക' എന്നത് 'അർഹതപ്പെട്ട അവശതാ പെൻഷൻ തുക' എന്നുമാക്കണമെന്നും 'ഹാജരാക്കേണ്ട രേഖകൾ' ഏതൊക്കെ എന്ന് കുറിപ്പായി രേഖപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

128. പുരുഷനും സ്ത്രീയും അപേക്ഷകരായി വരാമെന്നതിനാൽ ഫാറം നമ്പർ 11-ലെ 'അപേക്ഷകന്റെ സത്യപ്രസ്താവന' എന്നത് 'സത്യപ്രസ്താവന' എന്നും 'അപേക്ഷകന്റെ പേര് ' എന്നത് 'പേര് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

129. ഫാറം നമ്പർ 11 പ്രകാരമുള്ള അവശതാ പെൻഷനായി അനുവദിച്ച തുക എത്രയാണെന്നും അപേക്ഷ നിരസിക്കുകയാണെങ്കിൽ അതിനുള്ള കാരണങ്ങളും 'ഓഫീസ് ഉപയോഗത്തിന് ' എന്ന തലക്കെട്ട് ചേർത്ത് അതിന് താഴെയായി ഫാറത്തിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

130. ഫാറം നമ്പർ 12 പ്രകാരമുള്ള പ്രസവാനുകൂല്യത്തിനുള്ള അപേക്ഷയിൽ 'പ്രസവം നടന്ന തീയതി, അർഹതപ്പെട്ട പ്രസവാനുകൂല്യ തുക' എന്നിവ കൂടി ഫാറത്തിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

131. ഫാറം നമ്പർ 12-ലെ ക്രമനമ്പർ 5-ലെ 'അംഗത്വം പുനഃസ്ഥാപിച്ച അധികാരിയുടെ ഉത്തരവ് നമ്പരും തീയതിയും' എന്നത് 'അംഗത്വം പുനഃസ്ഥാപിച്ച ഉത്തരവ് നമ്പരും തീയതിയും' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

132. ഫാറം നമ്പർ 12-ലെ കുറിപ്പിലെ 'അംഗത്വ കാർഡിന്റെ പകർപ്പ് ' എന്നത് 'അംഗത്വ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്' എന്നാക്കണമെന്നും 'അംഗത്വ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്' എന്നിവ കൂടി ഹാജരാക്കേണ്ടതാണെന്ന് ഫാറത്തിൽ ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

133. ഫാറം നമ്പർ 12 പ്രകാരമുള്ള അപേക്ഷ നിരസിക്കുകയാണെങ്കിൽ അതിനുള്ള കാരണങ്ങൾ 'ഓഫീസ് ഉപയോഗത്തിന് ' എന്ന തലക്കെട്ടിന് താഴെയായി ഫാറത്തിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

134. ഫാറം നമ്പർ 12-ലെ '(ഒപ്പ്), ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ' എന്നത് 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരും ഒപ്പും' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

135. ഖണ്ഡിക 18 പ്രകാരമുള്ള മരണാനന്തര ധനസഹായത്തിന് അംഗത്വം ഒരു വർഷം പൂർത്തിയായിരിക്കണമെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, പട്ടിക 1-ലെ 'ഒരു വർഷം മുതൽ അഞ്ചു വർഷം വരെ അംഗത്വ കാലാവധിയുള്ളവർ' എന്നതിലെ 'ഒരു വർഷം മുതൽ' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

136. പട്ടിക 2-ന്റെ രണ്ടാം കോളത്തിൽ, 'പെൻഷൻ കണക്കാക്കുന്ന വിധം' എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

137. പട്ടിക 2-ന്റെ മൂന്നാം കോളത്തിലെ 'പ്രതിമാസം അനുവദിക്കുന്ന പെൻഷൻ' എന്നത് 'പ്രതിമാസം അനുവദിക്കുന്ന പെൻഷൻ തുക (രൂപ)' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

138. ഖണ്ഡിക 20 പ്രകാരം, അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശദായമടച്ചവർക്കാണ് പെൻഷൻ അനുവദിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. പെൻഷൻ അനുവദിക്കുന്നതിന് അഞ്ചു വർഷം പൂർത്തിയായിരിക്കണമെന്നതിനാലും പട്ടിക 2-ന്റെ ഒന്നാം കോളത്തിലെ രണ്ടാം വരിയിലെ '5 വർഷം വരെ' എന്നത് 0 മുതൽ 5 വർഷം വരെ എന്ന് അർത്ഥമുണ്ടാകുന്നതിനാലും '5 വർഷം വരെ' എന്നത് '5 വർഷം' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

139. പട്ടിക 2-ന്റെ രണ്ടാം വരിയിലെ (5 വർഷം വരെ) രണ്ടാം കോളം '1500' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

140. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് മലയാളത്തിലായതിനാൽ, പട്ടിക 2-ന്റെ മൂന്നാം വരിയിലെ (6 വർഷം) രണ്ടാം കോളത്തിലെ '1500+10%of1500' എന്നതിലെ 'of' എന്നത് ഒഴിവാക്കി, '1500+1500x10%' എന്നാക്കണമെന്നും നാലാം വരിയിലെ രണ്ടാം കോളം മുതൽ അവസാനം വരെ പൂർണ്ണമായും ഇതേ രീതിയിൽ ഏകീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

141. പട്ടിക 2-ന്റെ അഞ്ചാം വരിയിലെ (8 വർഷം) രണ്ടാം കോളത്തിലെ '1950' എന്നത് '1800' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

142. പെൻഷനായി അനുവദിക്കുന്ന പരമാവധി തുക 7500 രൂപയാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, പട്ടിക 2-ലെ അവസാന വരിയിലെ രണ്ടാം കോളത്തിലെ '7350+15% of 1500' എന്നത് '7500' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2. 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ചട്ടങ്ങൾ(എസ്.ആർ.ഒ. നമ്പർ 492/2019)**

***

143. 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിലെ (2019-ലെ 12) 27-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ടാണ് 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 492/2019 - അനുബന്ധം II) ഉണ്ടാക്കിയിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, എസ്.ആർ.ഒ.-യുടെ പീഠികയിലെ '27-ാം വകുപ്പ് ' എന്നത് വിശദീകരണ കുറിപ്പിലേതുപോലെ '27-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ' എന്ന് ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

144. 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ചട്ടങ്ങളിൽ 'ചെയർമാൻ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ' എന്നീ പദങ്ങളെ കുറിച്ച് പരാമർശിക്കുന്നില്ലെന്ന് സമിതി കണ്ടെത്തി. ചട്ടം 2(1) (ബി), (ഡി), (ഇ) എന്നിവയിലെ നിർവ്വചനങ്ങളുടെ പ്രസക്തിയില്ലാത്തതിനാൽ അവ ചട്ടത്തിൽ നിന്നും ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

145. 2019-ലെ ഓർഡിനൻസ് പ്രകാരമാണ് 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ചട്ടങ്ങൾ രൂപീകരിച്ചിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, ചട്ടം 2(1)(ബി)-ലെ 'എന്നാൽ' എന്നതിനുശേഷം 'ഓർഡിനൻസിന്റെ' എന്ന വാക്ക് കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

146. <u>ചട്ടം 3(2)-ലെ മൂന്നാം വരിയിലെ 'ആഫീസർമാർക്ക്' എന്നത് 'ഓഫീസർക്ക്' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

147. ഓർഡിനൻസിലെ 3-ാം വകുപ്പ് പ്രകാരമാണ് 'കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി' എന്ന പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതെന്നും ഓർഡിനൻസിന്റെ വകുപ്പ് 2(എഫ് )-ൽ 'നിധി'യുടെ നിർവ്വചനമാണ് നൽകിയിരിക്കുന്നതെന്നും സമിതി വിലയിരുത്തുന്നു. <u>അതിനാൽ, ചട്ടം 4-ലെ '2-ാം വകുപ്പ് (എഫ്) ഖണ്ഡപ്രകാരം' എന്നത് '3-ാം വകുപ്പ് പ്രകാരം' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## 3. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ്(എസ്.ആർ.ഒ. നമ്പർ 716/2018)

***

148. 2018-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിലെ (2018-ലെ 43) 10-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് രൂപീകരിച്ചാണ് കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് എന്നും ഓർഡിനൻസിലെ വകുപ്പ് 10(3)(iv) പ്രകാരം കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിലെ ഒരംഗമാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ എന്നും സമിതി മനസ്സിലാക്കുന്നു. <u>അതിനാൽ, എസ്.ആർ.ഒ. നമ്പർ 716/2018 (അനുബന്ധം III)-ലെ പട്ടികയിൽ, ക്രമനമ്പർ 10-ലെ 'ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്' എന്നത് ഓർഡിനൻസിലേതുപോലെ 'ന്യൂനപക്ഷ ക്ഷേമ വകുപ്പ്' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

149. ഓർഡിനൻസിലെ വകുപ്പ് 10(3)-ലെ (vi)-ൽ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ കുറിച്ചാണ് വ്യവസ്ഥ ചെയ്യുന്നതെന്നും എസ്.ആർ.ഒ. നമ്പർ 716/2018-ലെ പട്ടികയിൽ, ക്രമനമ്പർ 14-ലെ മൂന്നാം കോളത്തിൽ 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ' എന്ന് ചേർത്തിട്ടുണ്ടെങ്കിലും ആരെയാണ് നിയമിച്ചതെന്ന് രേഖപ്പെടുത്തിയിട്ടില്ലെന്നും സമിതി കണ്ടെത്തി. എസ്.ആർ.ഒ. നമ്പർ 716/2018 വിജ്ഞാപനം ചെയ്ത് നിരവധി വർഷങ്ങൾ കഴിഞ്ഞിട്ടും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. <u>അതിനാൽ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിന് അടിന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## 4. എസ്.ആർ.ഒ. നമ്പർ 769/2020

***

150. 2018-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിലെ (2018-ലെ 43) വകുപ്പ് 10(3) പ്രകാരം 14 ബോർഡ് അംഗങ്ങളാണ് ഉണ്ടായിരുന്നതെന്നും അതിൽ

മദ്രസ്സാദ്ധ്യാപകരെയും മദ്രസ്സ കമ്മിറ്റിയെയും പ്രതിനിധീകരിക്കുന്ന നാല് അംഗങ്ങൾ വീതമാണ് ഉണ്ടായിരുന്നതെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ ഓർഡിനൻസ്, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്റ്റ് (2019-ലെ 18-ാം ആക്റ്റ്) ആയപ്പോൾ പ്രസ്തുത ബോർഡ് അംഗങ്ങളുടെ എണ്ണം 14-ൽ നിന്ന് 18 ആക്കിയിട്ടുണ്ടെന്നും മദ്രസ്സാദ്ധ്യാപകരെയും മദ്രസ്സ കമ്മിറ്റിയെയും പ്രതിനിധീകരിക്കുന്ന അംഗങ്ങളുടെ എണ്ണം 8-ൽ നിന്നും 12 ആയി, രണ്ട് വീതം, വർദ്ധിപ്പിച്ചിട്ടുണ്ടെന്നും എസ്.ആർ.ഒ. നമ്പർ 111/2020 (അനുബന്ധം IV) പ്രകാരം നാല് അംഗങ്ങളെ പുതിയതായി ബോർഡിൽ ഉൾപ്പെടുത്തുകയും നിലവിലുള്ള 10 മുതൽ 14 വരെയുള്ള ക്രമനമ്പരുകൾ 14 മുതൽ 18 വരെയുള്ള ക്രമനമ്പരുകളായി പുനഃക്രമീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു.

151. എന്നാൽ, എസ്.ആർ.ഒ. നമ്പർ 769/2020 (അനുബന്ധം V) പ്രകാരം ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയെ പുതിയതായി നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള ഭേദഗതിയിൽ, എസ്.ആർ.ഒ. നമ്പർ 111/2020-നെ കുറിച്ച് പരാമർശിക്കാതെ, ആദ്യമായി ബോർഡ് രൂപീകരിച്ച എസ്.ആർ.ഒ. നമ്പർ 716/2018-ലെ ക്രമനമ്പർ 11-ന് എതിരെയുള്ള കോളം (2)-ലെ ഉൾക്കുറിപ്പിലാണ് മാറ്റം വരുത്തിയിരിക്കുന്നതെന്ന് സമിതി കണ്ടെത്തി. എസ്.ആർ.ഒ. നമ്പർ 111/2020 പ്രകാരം ക്രമനമ്പരുകൾ പുനഃക്രമീകരിച്ചപ്പോൾ ക്രമനമ്പർ 11 എന്നത് മദ്രസ്സ കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന അംഗമാണെന്ന് സമിതി വിലയിരുത്തുന്നു. <u>അതിനാൽ, എസ്.ആർ.ഒ. നമ്പർ 769/2020-ലെ 'ക്രമനമ്പർ 11 ന് ' എന്നത് 'ക്രമനമ്പർ 15-ന് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## 5. എസ്.ആർ.ഒ. നമ്പർ 845/2022

***

152. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിൽ സർക്കാരിനെ പ്രതിനിധികരിക്കുന്ന അംഗങ്ങൾക്ക് പകരമായി പുതിയ അംഗങ്ങളെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ളതാണ് എസ്.ആർ.ഒ. നമ്പർ 845/2022 (അനുബന്ധം VI) എന്നും ആക്റ്റിലെ വകുപ്പ് 10(3)(iv) പ്രകാരം കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിലെ ഒരംഗമാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ എന്നും സമിതി മനസ്സിലാക്കുന്നു. <u>അതിനാൽ, എസ്.ആർ.ഒ. നമ്പർ 845/2022-ലെ ആറാം വരിയിലെയും വിശദീകരണ കുറിപ്പിലെ ഏഴാം വരിയിലെയും പതിമൂന്നാം വരിയിലെയും 'ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിലെ' എന്നത് ആക്റ്റിലേതുപോലെ 'ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ' എന്നും 10-ാം ക്രമനമ്പരിന്റെ ഉൾക്കുറിപ്പിലെയും വിശദീകരണ കുറിപ്പിലെ അഞ്ചാം വരിയിലെയും 'ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് ' എന്നത് 'ന്യൂനപക്ഷ ക്ഷേമ വകുപ്പ് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

153. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിൽ ചെയർമാനെയും അംഗങ്ങളെയും നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള ആദ്യ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയത് എസ്.ആർ.ഒ. നമ്പർ 716/2018-ലൂടെയാണെന്നും പ്രസ്തുത ബോർഡിലെ അംഗങ്ങളുടെ എണ്ണം 14-ൽ നിന്ന് 18 ആക്കിയതനുസരിച്ച്, എസ്.ആർ.ഒ. നമ്പർ 111/2020 പ്രകാരം നാല് അംഗങ്ങളെ പുതിയതായി ബോർഡിൽ ഉൾപ്പെടുത്തി എസ്.ആർ.ഒ. നമ്പർ 716/2018 ഭേദഗതി ചെയ്യുകയും നിലവിലുള്ള 10 മുതൽ 14 വരെയുള്ള ക്രമനമ്പരുകൾ 14 മുതൽ 18 വരെയുള്ള ക്രമനമ്പരുകളായി പുനഃക്രമീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എസ്.ആർ.ഒ. നമ്പർ 845/2022 പ്രകാരം, എസ്.ആർ.ഒ. നമ്പർ 716/2018-ന്റെ പട്ടികയിലെ (1)-ാം കോളത്തിലെ '10, 11, 12, 13' എന്നീ ക്രമനമ്പരുകൾക്കും (2)-ാം കോളത്തിലെ ഉൾക്കുറിപ്പുകൾക്കുമാണ് ഭേദഗതി വരുത്തിയിട്ടുള്ളതെന്നും എസ്.ആർ.ഒ. നമ്പർ 111/2020-ലൂടെ 10 മുതൽ 14 വരെയുള്ള ക്രമനമ്പരുകൾ 14 മുതൽ 18 വരെയുള്ള ക്രമനമ്പരുകളായി പുനഃക്രമീകരിച്ചത് പ്രകാരം (1)-ാം കോളത്തിലെ ക്രമനമ്പർ 10, 11, 12, 13 എന്നിവയിൽ മദ്രസ്സ കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന അംഗങ്ങളാണ് നിലവിലുള്ളതെന്നും സമിതി നിരീക്ഷിക്കുന്നു. എസ്.ആർ.ഒ. നമ്പർ 845/2022-ലൂടെ സർക്കാരിനെ പ്രതിനിധീകരിക്കുന്ന അംഗങ്ങളെയാണ് ക്രമനമ്പർ 10, 11, 12, 13-ൽ നാമനിർദ്ദേശം ചെയ്തിരിക്കുന്നതെന്നും എന്നാൽ, സർക്കാരിനെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ ക്രമനമ്പർ 14, 15, 16, 17-ലാണ് ഉൾപ്പെട്ടിരിക്കുന്നതെന്നും സമിതി കണ്ടെത്തി. ക്രമനമ്പരുകൾ പുനഃക്രമീകരിച്ചിട്ടുള്ളതിനാൽ പ്രസ്തുത വിവരം കൂടി വിശദീകരണ കുറിപ്പിൽ ഉൾപ്പെടുത്തി, ഭേദഗതി വിജ്ഞാപനത്തിലെ ഒന്നാം വരിയിലെയും (1)-ാം കോളത്തിലെയും '10, 11, 12, 13' എന്നീ ക്രമനമ്പരുകൾ '14, 15, 16, 17' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

154. എസ്.ആർ.ഒ. നമ്പർ 716/2018-ലൂടെ ക്രമനമ്പർ 10-ൽ ഡോ. മൊയ്തീൻകുട്ടി എ. ബി.-യെ ആണ് സർക്കാരിനെ പ്രതിനിധീകരിക്കുന്ന അംഗമാക്കിയിരിക്കുന്നതെന്നും എന്നാൽ, എസ്.ആർ.ഒ. നമ്പർ 845/2022-ലെ വിശദീകരണ കുറിപ്പിലെ എട്ടാം വരിയിലും പതിനാറാം വരിയിലും ശ്രീ. മൊയ്തീൻ കുട്ടി എ.ബി. എന്നാണ് രേഖപ്പെടുത്തിരിക്കുന്നതെന്നും സമിതി കണ്ടെത്തി. അതിനാൽ, എസ്.ആർ.ഒ. നമ്പർ 716/2018-ലേതുപോലെ, 'ശ്രീ. മൊയ്തീൻ കുട്ടി എ.ബി.' എന്നത് 'ഡോ. മൊയ്തീൻകുട്ടി എ. ബി.' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

155. എസ്.ആർ.ഒ. നമ്പർ 716/2018-ലൂടെ ക്രമനമ്പർ 11-ൽ ശ്രീ. ദിലീപ് കുമാർ വി.ആർ-നെ ആണ് സർക്കാരിനെ പ്രതിനിധീകരിക്കുന്ന അംഗമാക്കിയിരുന്നതെന്നും എന്നാൽ, എസ്.ആർ.ഒ. നമ്പർ 769/2020-ലൂടെ ശ്രീ. ദിലീപ് കുമാർ വി.ആർ.-ന് പകരമാണ് ശ്രീ. മുഹമ്മദ് ഹനീഫ എം.എം.-നെ അംഗമാക്കിയതെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ, എസ്.ആർ.ഒ. നമ്പർ 769/2020-നെ കുറിച്ച് വിശദീകരണ കുറിപ്പിൽ പരാമർശിച്ചിട്ടില്ലെന്നും ശ്രീ. മുഹമ്മദ് ഹനീഫ എം.എം.-നെ ശ്രീ. മുഹമ്മദ് ഹനീഫ എന്നുമാണ് വിശദീകരണ കുറിപ്പിൽ രേഖപ്പെടുത്തിരിക്കുന്നതെന്നും സമിതി കണ്ടെത്തി. അതിനാൽ, ശ്രീ. ദിലീപ് കുമാർ വി.ആർ.-ന് പകരമാണ് ശ്രീ. മുഹമ്മദ് ഹനീഫ എം.എം.-നെ അംഗമാക്കിയതെന്നും വിശദീകരണ കുറിപ്പിലെ ഒൻപതാം വരിയിലെയും പതിനാറാം വരിയിലെയും 'ശ്രീ. മുഹമ്മദ് ഹനീഫ' എന്നത് 'ശ്രീ. മുഹമ്മദ് ഹനീഫ എം.എം.' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

156. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ വിവരം പൊതുജനത്തിന് അറിയുന്നതിനായി, പ്രസ്തുത ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങളുടെ പേരു വിവരം കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

157. എസ്.ആർ.ഒ.-കളുടെ സൂക്ഷ്മപരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതി എത്തിച്ചേർന്ന നിഗമനങ്ങൾക്കും നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും സജീവ പരിഗണനയും ശ്രദ്ധയും ലഭിക്കുമെന്ന പ്രതീക്ഷ സമിതിക്കുണ്ട്. പ്രസ്തുത ശിപാർശകൾ നടപ്പാക്കുന്നതിലൂടെ മേൽ എസ്.ആർ.ഒ.-കളിലെ ന്യൂനതകൾ പരിഹരിക്കപ്പെടുമെന്നും മദ്രസ്സാദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്നും സമിതി പ്രത്യാശിക്കുന്നു.

എം. എം. മണി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2023 മാർച്ച് 14.

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2019 ജൂലൈ 24<br>24th July 2019<br>1194 കർക്കടകം 8<br>8th Karkadakam 1194<br>1941 ശ്രാവണം 2<br>2nd Sravana 1941 | നമ്പർ<br>No. | 1678 |

**കേരള സർക്കാർ**

പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 6/2019/പൊ. ഭ. വ. *തിരുവനന്തപുരം, 2019 ജൂൺ, 21 .*

**എസ്. ആർ. ഒ. നമ്പർ 491/2019**

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിലെ (2019-ലെ 12) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെപ്പറയുന്ന പദ്ധതി ഇതിനാൽ ആവിഷ്കരിക്കുന്നു, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അദ്ധ്യായം ഒന്ന്

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി എന്ന പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ പദ്ധതിയിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ചെയർമാൻ" എന്നാൽ ഓർഡിനൻസിന്റെ 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചെയർമാൻ എന്നർത്ഥമാകുന്നു;

(ബി) "ഫാറം" എന്നാൽ ഈ പദ്ധതിയുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം എന്നർത്ഥമാകുന്നു;

(സി) "കുടുംബം" എന്നാൽ ഭർത്താവ്, ഭാര്യ, അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾ, അവിവാഹിതരായ പെൺകുട്ടികൾ എന്നിവരും അംഗങ്ങളെ പൂർണ്ണമായി ആശ്രയിച്ചു കഴിയുന്ന പിതാവും മാതാവും എന്നർത്ഥം വരുന്നതും അതിൽ ദത്തെടുക്കപ്പെട്ട മകനും മകളും ഉൾപ്പെടുന്നതുമാകുന്നു;

(ഡി) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (iv)-ാം ഖണ്ഡപ്രകാരം നിയമിക്കപ്പെടുന്ന ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു;

(ഇ) "ഓർഡിനൻസ്" എന്നാൽ 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസ് (2019-ലെ 12) എന്നർത്ഥമാകുന്നു;

(എഫ്) "അവകാശി" എന്നതിന് അംഗം നാമനിർദ്ദേശം ചെയ്യുന്ന ആൾ അല്ലെങ്കിൽ നിയമാനുസൃത അവകാശി എന്നർത്ഥമാകുന്നു;

(ജി) "ന്യൂനപക്ഷ ക്ഷേമവകുപ്പ്" എന്നാൽ സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്നർത്ഥമാകുന്നു;

(എച്ച്) "ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ" എന്നാൽ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നർത്ഥമാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഈ പദ്ധതിയിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ, നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ഓർഡിനൻസിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ഓർഡിനൻസിൽ അവയ്ക്ക് നൽകിയിട്ടുള്ള അതേ അർത്ഥം ആയിരിക്കുന്നതാണ്.

<u>അദ്ധ്യായം രണ്ട്</u>

**ക്ഷേമനിധി ബോർഡ്**

3. <u>ബോർഡിന്റെ അധികാരങ്ങളും ചുമതലകളും.</u>—ആക്റ്റ് പ്രകാരം ബോർഡിന് നൽകിയിട്ടുള്ള അധികാരങ്ങൾക്ക് പുറമേ ബോർഡിന് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) പദ്ധതിയിൽ പ്രതിപാദിച്ചിരിക്കുന്നതും നിധിയുടെ നടത്തിപ്പിന് ആവശ്യമായതുമായ എല്ലാ കാര്യങ്ങളുടെയും നിർവ്വഹണം;

(ii) നിധിയിൽ അംഗമാകുന്ന മദ്രസ്സാദ്ധ്യാപകരുടെ രജിസ്ട്രേഷൻ;

(iii) ഓർഡിനൻസിലേയും പദ്ധതിയിലേയും വ്യവസ്ഥ അനുസരിച്ച് നിധിയുടെ വിനിയോഗവും ഭരണനിർവ്വഹണവും പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കലും;

(iv) അതതു സമയം, സർക്കാരിന്റെ നിർദ്ദേശാനുസരണം നിധിയുടെ വിനിയോഗത്തെ പറ്റിയുള്ള നയരൂപീകരണവും നിർവ്വഹണവും;

(v) നിധിയുടെ നടത്തിപ്പിനെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ടും വാർഷിക ആഡിറ്റ് റിപ്പോർട്ടും സർക്കാരിന് സമർപ്പിക്കൽ;

(vi) ആക്റ്റിലെ വ്യവസ്ഥകൾക്കെതിരെയുള്ള പ്രവൃത്തികൾ സംബന്ധിച്ച് ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കൽ;

(vii) സർക്കാര് നൽകുന്ന പൊതുനിർദ്ദേശങ്ങൾ നടപ്പാക്കൽ;

(viii) നിധിയുടെ വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകൽ;

(ix) സർക്കാരിന്റെ നിർദ്ദേശാനുസരണം നിധിയുടെ കണക്കുകൾ വാർഷിക ആഡിറ്റ് നടത്തൽ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(x) നിധി ഉപയോഗിച്ച് ആവിഷ്കരിക്കപ്പെട്ട പല തരത്തിലുള്ള ക്ഷേമ പരിപാടികൾ നടപ്പിലാക്കുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകൽ;

(xi) കണക്കുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കൽ;

(xii) അപേക്ഷകളും പരാതികളും എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കൽ;

(xiii) പദ്ധതിക്ക് കീഴിലുള്ള ക്ഷേമ പരിപാടികൾക്ക് അനുമതി നൽകൽ;

(xiv) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവുകൾക്കും തീരുമാനങ്ങൾക്കുമെതിരെയുള്ള അപ്പീലുകൾ കേട്ട് തീർപ്പു കൽപ്പിക്കൽ;

(xv) സർക്കാർ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകൽ, മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമത്തിനാവശ്യമായ ശിപാർശകൾ സർക്കാരിന് സമർപ്പിക്കൽ;

(xvi) നിധിയിലേക്ക് ലഭിക്കേണ്ടതായ അർഹതപ്പെട്ട തുകകൾ യഥാസമയം നേടിയെടുക്കൽ;

(xvii) ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ സാധനസാമഗ്രികൾ സർക്കാരിന്റെ അനുവാദത്തിനും നിബന്ധനകൾക്കും വിധേയമായി വാങ്ങൽ.

4. <u>ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കർത്തവ്യങ്ങൾ</u>.—ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് താഴെ പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ബോർഡിലെ ഉദ്യോഗസ്ഥന്മാരുടേയും അംഗങ്ങളുടേയും മേൽനോട്ടവും നിയന്ത്രണവും;

(ii) ബോർഡിനുവേണ്ടിയും ബോർഡിനെതിരെയുമുള്ള കേസുകളുടെ നടത്തിപ്പ്;

(iii) അതതുസമയം ബോർഡ് അധികാരപ്പെടുത്തുന്ന സാമ്പത്തിക പരിധിക്ക് വിധേയമായി ബോർഡിന്റെ ഭരണത്തിന് ആവശ്യമായ സാധനസാമഗ്രികളും സേവനങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ ചെലവുകൾക്ക് തന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അനുമതി നൽകൽ;

(iv) ബോർഡ് അധികാരപ്പെടുത്തുന്ന മുറയ്ക്ക് മുകളിൽ പറഞ്ഞ അധികാരങ്ങൾക്ക് പുറമെ ഭരണപരവും സാമ്പത്തികപരവുമായ അധികാരങ്ങൾ വിനിയോഗിക്കൽ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5. ബോർഡിന്റെ ആസ്ഥാനം.—ബോർഡിന്റെ ആസ്ഥാനം കോഴിക്കോട് ആയിരിക്കുന്നതാണ്.

6. ബോർഡ് യോഗത്തിന്റെ അറിയിപ്പും കാര്യവിവരണ പട്ടികയും.—(1) ബോർഡ് അതിന്റെ കാര്യനിർവ്വഹണത്തിനായി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

(2) മൂന്നിലൊന്ന് അംഗങ്ങളുടെ അഭ്യർത്ഥന ലഭിച്ച് പതിനഞ്ച് ദിവസത്തിനകം യുക്തമെന്ന് തോന്നുകയാണെങ്കിൽ ചെയർമാന് യോഗം വിളിച്ചുചേർക്കാവുന്നതാണ്.

(3) ബോർഡ് യോഗം ചേരേണ്ട തീയതിയ്ക്ക് പതിനഞ്ച് ദിവസങ്ങൾക്കു മുമ്പ് യോഗത്തിന്റെ നോട്ടീസും കാര്യവിവരണ പട്ടികയും ഓരോ ബോർഡ് അംഗത്തിനും അയയ്ക്കേണ്ടതും അപ്രകാരമുള്ള നോട്ടീസിൽ യോഗ തീയതി, സ്ഥലം, സമയം എന്നിവ വ്യക്തമായി കാണിച്ചിരിക്കേണ്ടതുമാണ്:

എന്നാൽ, ചെയർമാന് അടിയന്തരമെന്നു തോന്നുന്ന കാര്യം പരിഗണിക്കുന്നതിനുവേണ്ടി ഉചിതമായ സമയം നൽകി നോട്ടീസ് നൽകാവുന്നതും യോഗം വിളിച്ചുചേർക്കാവുന്നതുമാണ്.

7. യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിക്കുന്നത്.—(1) ബോർഡിന്റെ എല്ലാ യോഗങ്ങളിലും ചെയർമാൻ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്:

എന്നാൽ, ചെയർമാൻ ഹാജരില്ലാത്ത സമയങ്ങളിൽ അംഗങ്ങൾ അവരിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരാൾ അദ്ധ്യക്ഷത വഹിക്കേണ്ടതും ചെയർമാന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

8. യോഗ നടപടിക്കുറിപ്പ് തയ്യാറാക്കൽ.—(1) യോഗ നടപടിക്കുറിപ്പുകൾ ഇതിനായുള്ള നടപടിക്കുറിപ്പ് പുസ്തകത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ രേഖപ്പെടുത്തേണ്ടതും യോഗം നടന്ന് പതിനഞ്ച് ദിവസങ്ങൾക്കകം ചെയർമാൻ അംഗീകരിച്ച നടപടിക്കുറിപ്പിന്റെ പകർപ്പ് എല്ലാ ബോർഡംഗങ്ങൾക്കും അയച്ചു കൊടുക്കേണ്ടതുമാണ്.

(2) യോഗ നടപടിക്കുറിപ്പിൽ എന്തെങ്കിലും മാറ്റം വരുത്തുകയാണെങ്കിൽ അവ അടുത്ത യോഗത്തിൽ അങ്ങനെ തിരുത്തി സ്ഥിരീകരിച്ച് ചെയർമാൻ ഒപ്പ് വയ്ക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

9. <u>സമിതികളുടെ രൂപീകരണം.</u>—(1) ബോർഡിന്, യുക്തമെന്ന് തോന്നുന്നപക്ഷം, വാർഷിക ബഡ്ജറ്റ്, വാർഷിക ഭരണ റിപ്പോർട്ട്, ആഡിറ്റ് റിപ്പോർട്ട്, പദ്ധതി പരിഷ്ക്കരണം, പുതിയ ക്ഷേമപരിപാടികളുടെ ആവിഷ്ക്കരണം എന്നിവയോ ബോർഡ് പരാമർശിക്കുന്ന മറ്റേതെങ്കിലും കാര്യമോ പരിഗണിക്കുന്നതിലേക്കായി ആവശ്യാനുസരണം ഉപസമിതികൾ രൂപീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന ഒരു ഉപസമിതിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ചെയർമാൻ;

(ബി) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉൾപ്പെടെ രണ്ട് ഔദ്യോഗിക അംഗങ്ങൾ;

(സി) രണ്ട് അനൗദ്യോഗിക അംഗങ്ങൾ.

(3) ചെയർമാൻ ഉപസമിതികളുടെയും ചെയർമാൻ ആയിരിക്കുന്നതാണ്.

(4) ഉപസമിതിയുടെ യോഗങ്ങളിൽ കുറഞ്ഞത് മൂന്ന് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതും, അതിൽ സർക്കാരിനെ പ്രതിനിധീകരിക്കുന്ന രണ്ട് അംഗങ്ങളെങ്കിലും ഹാജരില്ലാതെ യാതൊരു കാര്യപരിപാടികളും നടത്താൻ പാടില്ലാത്തതുമാകുന്നു.

(5) ഉപസമിതികളുടെ പരമാവധി ഔദ്യോഗിക കാലാവധി ആറുമാസ മായിരിക്കുന്നതാണ്:

എന്നാൽ, അത്യാവശ്യമാണെന്ന് ബോർഡ് കാണുന്നപക്ഷം, ഉപസമിതിയുടെ കാലാവധി ആവശ്യമായ കാലയളവിലേക്ക് ബോർഡിന് ദീർഘിപ്പിക്കാവുന്നതാണ്:

എന്നുമാത്രമല്ല, ഏതൊരു ഉപസമിതിയുടെയും കാലാവധി ബോർഡിന്റെ ഔദ്യോഗിക കാലാവധി കഴിയുന്നതോടെ അവസാനിക്കുന്നതാണ്.

<u>അദ്ധ്യായം മൂന്ന്</u>

## നിധിയുടെ ഭരണം

10. <u>നിധി കൈകാര്യം ചെയ്യൽ.</u>—(1) ബോർഡിന്റെ നിർദ്ദേശപ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിധി കൈകാര്യം ചെയ്യേണ്ടതാണ്. ഓർഡിനൻസിലും പദ്ധതിയിലും ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾക്കുവേണ്ടി മാത്രം നിധി വിനിയോഗിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) നിധി സംബന്ധിച്ചുള്ള ഇടപാടുകൾ നടത്തുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബോർഡിന്റെ അനുമതിയോടെ സംസ്ഥാന ട്രഷറിയിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കേണ്ടതാണ്.

## അദ്ധ്യായം നാല്

## **നിധിയിലെ അംഗത്വവും അംഗത്വ സർട്ടിഫിക്കറ്റ് നൽകലും**

11. നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷയും അംഗത്വ സർട്ടിഫിക്കറ്റ് നൽകലും.—(1) നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷ ഫാറം നമ്പർ 1-ൽ ആയിരിക്കേണ്ടതാണ്. അപേക്ഷകൻ അപേക്ഷയുടെ രണ്ട് പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്. ശരിയായി പൂരിപ്പിച്ച് അപേക്ഷകൻ ഒപ്പിട്ട അപേക്ഷ മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ, മേൽവിലാസം, ജനന തീയതി, വയസ്സ് എന്നിവ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ, ശരിയായ രീതിയിൽ പൂരിപ്പിച്ച നോമിനേഷൻ ഫാറം, ബന്ധപ്പെട്ട മദ്രസ്സാ കമ്മിറ്റിയുടെ ശിപാർശ കത്ത് എന്നിവ സഹിതം ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(2) അപേക്ഷകൻ അപേക്ഷയോടൊപ്പം നാമനിർദ്ദേശത്തിന്റെ രണ്ട് പകർപ്പുകൾ നൽകേണ്ടതും ബോർഡ് സാക്ഷ്യപ്പെടുത്തിയ നാമനിർദ്ദേശത്തിന്റെ ഒരു പകർപ്പ് അംഗത്വ സാക്ഷ്യപത്രത്തിനോടൊപ്പം നൽകേണ്ടതുമാണ്.

(3) വയസ്സ്, ജനന തീയതി, മേൽവിലാസം എന്നിവ തെളിയിക്കുന്നതിനായി റേഷൻ കാർഡ്, ആധാർ, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, എസ്.എസ്.എൽ.സി. ബുക്ക്, പാസ്പോർട്ട്, പാൻ കാർഡ്, ജനന മരണ രജിസ്ട്രാർ നൽകിയ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയിലേതെങ്കിലുമൊന്ന് മതിയാകുന്നതാണ്. പ്രസ്തുത രേഖകൾ ലഭ്യമല്ലെങ്കിൽ ജനന തീയതി തെളിയിക്കുന്നതിന് ഒരു അസിസ്റ്റന്റ് സർജന്റെ പദവിയിൽ താഴെയല്ലാത്ത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) അംഗത്വത്തിനായി ലഭിക്കുന്ന അപേക്ഷകൾ ബോർഡ് പരിശോധിച്ചതിനു ശേഷം അംഗത്വം നൽകാവുന്നതും ബോർഡ് അംഗത്വം നൽകി ഉത്തരവായ അപേക്ഷകർക്ക് ഫാറം നമ്പർ 2-ൽ ഒരു അംഗത്വ സർട്ടിഫിക്കറ്റ് നൽകേണ്ടതും അപേക്ഷകനെ സംബന്ധിച്ച വിവരങ്ങൾ, അംഗത്വ നമ്പർ, അംഗത്വം നൽകിയ തീയതി, ഫോട്ടോ എന്നിവ ഉൾപ്പെടുന്ന വിവരങ്ങൾ ഫാറം നമ്പർ 3-ലെ അംഗത്വ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്. രജിസ്റ്ററിലെ വിവരങ്ങൾ കൃത്യതയോടും അതതു സമയങ്ങളിൽ വേണ്ട വിവരങ്ങൾ ഉൾക്കൊള്ളിച്ചും സൂക്ഷിക്കേണ്ടതാണ്. അംഗത്വ രജിസ്റ്റർ രേഖപ്പെടുത്തി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂക്ഷിക്കേണ്ടതാണ്.

(5) അപേക്ഷയുടെയും അംഗത്വ സാക്ഷ്യപത്രത്തിന്റെയും ഓരോ പകർപ്പുകൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂക്ഷിക്കേണ്ടതും അംഗത്തിന് ഫോട്ടോ പതിച്ച ഒരു തിരിച്ചറിയൽ കാർഡ് ഫാറം നമ്പർ 4-ലും നിശ്ചിത വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു പാസ്ബുക്ക് ഫാറം നമ്പർ 5-ലും നൽകേണ്ടതാണ്.

(6) അംഗത്വ സാക്ഷ്യപത്രമോ തിരിച്ചറിയൽ കാർഡോ പാസ്ബുക്കോ നഷ്ടപ്പെടുകയും അവയുടെ ഡ്യൂപ്ലിക്കേറ്റിനായി അംഗം അപേക്ഷിക്കുകയും ചെയ്യുന്നപക്ഷം ആവശ്യമായ സത്യവാങ്മൂലം അപേക്ഷകനിൽ നിന്നും വാങ്ങി അന്വേഷണത്തിനും സ്ഥിരീകരണത്തിനും ശേഷം കാർഡിന്റെ വില ഈടാക്കി ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡ് അംഗത്തിന് നൽകേണ്ടതാണ്.

12. <u>അപ്പീലിനുള്ള കാലപരിധി.</u>—(1) നിധിയിലെ അംഗത്വത്തിനുള്ള ഒരു അപേക്ഷ ബോർഡ് നിരസിക്കുന്നപക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് കൈപ്പറ്റി അറുപത് ദിവസത്തിനകം സർക്കാരിന് അപ്പീൽ നൽകാവുന്നതാണ്:

എന്നാൽ, അറുപത് ദിവസക്കാലയളവിനുള്ളിൽ അപ്പീൽ നൽകാതിരിക്കുവാൻ അപേക്ഷകന് മതിയായ കാരണമുണ്ടായിരുന്നുവെന്ന് സർക്കാരിന് ബോധ്യമാകുന്ന പക്ഷം കാലതാമസം മാപ്പുചെയ്ത് അത്തരം അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(2) സർക്കാരിനു ലഭിക്കുന്ന അപ്പീൽ അപേക്ഷകളിന്മേൽ ആവശ്യമായ അന്വേഷണം നടത്തി അപേക്ഷകന് പറയാനുള്ളത് പറയുവാൻ അവസരം നൽകി രേഖകൾ പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കേണ്ടതും തീരുമാനം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

13. <u>നാമനിർദ്ദേശം ചെയ്യൽ.</u>—നിധിയിൽ അംഗമായി ചേരുന്ന ഏതൊരാളും അപേക്ഷയോടൊപ്പം അംഗത്തിന്റെ മരണശേഷം ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകപ്പെടേണ്ട വ്യക്തിയുടെ അഥവാ വ്യക്തികളുടെ പേരും വിശദവിവരങ്ങളും അടങ്ങിയ ഒരു നോമിനേഷൻ ഫാറം നമ്പർ 6-ൽ നൽകേണ്ടതാണ്. എന്നാൽ ആശ്രിതൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്ന ആരെയെങ്കിലും മാത്രമേ അപേക്ഷകൻ നാമനിർദ്ദേശം ചെയ്യുവാൻ പാടുള്ളൂ.

(2) ഒരംഗത്തിന് ഭാവിയിൽ തന്റെ കുടുംബത്തിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ചോ ഉചിതമെന്നു തോന്നുന്ന സമയത്തോ നോമിനേഷനിൽ മാറ്റം വരുത്താവുന്നതാണ്. അങ്ങനെ ചെയ്യുന്നപക്ഷം പുതിയ നോമിനേഷൻ ഫാറം നമ്പർ 6-ൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരം നോമിനേഷനിൽ മാറ്റം വരുത്തുന്ന സംഗതിയിൽ അംഗം ഏറ്റവും അവസാനം സമർപ്പിച്ച നോമിനേഷൻ മാത്രം സാധുവായി നിലനിൽക്കുന്നതാണ്.

14. <u>അംശദായം അടയ്ക്കുന്ന രീതി.</u>—ഓരോ അംഗവും അംശദായമായി ഓരോ മാസവും അടയ്ക്കേണ്ട തുക ബന്ധപ്പെട്ട പോസ്റ്റോഫീസിൽ അതതു കാലത്ത് ബോർഡ് നിശ്ചയിക്കുന്ന രീതിയിൽ അടയ്ക്കേണ്ടതാണ്. അപ്രകാരം അംശദായം അടയ്ക്കുന്ന അംഗങ്ങൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ തന്റെ പാസ്ബുക്കും രസീതും അംശദായം നൽകിയ വിവരം പാസ്ബുക്കിൽ രേഖപ്പെടുത്തുന്നതിനായി സമർപ്പിക്കേണ്ടതാണ്. അതു സംബന്ധിച്ച കണക്കുകളും അംഗങ്ങളുടെ വിവരങ്ങളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഓരോ മാസവും ബോർഡിന് അയച്ചുകൊടുക്കേണ്ടതുമാണ്.

<u>അദ്ധ്യായം അഞ്ച്</u>

## വാർഷിക റിപ്പോർട്ടും ബഡ്ജറ്റും

15. <u>വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.</u>—(1) നിധിയുടെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശ പ്രകാരം തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ് കണക്കുകളുടെ ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ജൂലൈ 31-നു മുമ്പ് സർക്കാരിനു സമർപ്പിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻ തന്നെ സർക്കാർ അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റുകൾ സഹിതം നിയമസഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്.

16. ബഡ്ജറ്റ് അംഗീകരിക്കൽ.—എല്ലാ വർഷവും ജൂലൈ മാസം അടുത്ത സാമ്പത്തിക വർഷത്തേക്കായുള്ള പ്രതീക്ഷിക്കുന്ന വരവും ചെലവും കാണിക്കുന്ന ഒരു വാർഷിക ബഡ്ജറ്റ് ബോർഡ് മുമ്പാകെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വയ്ക്കേണ്ടതും ബോർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ആ വർഷം ആഗസ്റ്റ് മാസത്തിൽ തന്നെ ആയത് സർക്കാരിലേക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

## അദ്ധ്യായം ആറ്

## ക്ഷേമനിധി ആനുകൂല്യങ്ങൾ

17. ചികിത്സാ ധനസഹായം.—(1) രണ്ട് വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങൾക്ക് ഗുരുതരമല്ലാത്ത രോഗങ്ങൾക്ക് അയ്യായിരം രൂപ വരെയും ഗുരുതരമായ രോഗങ്ങൾക്കും അപകടത്തെ തുടർന്നുള്ള ചികിത്സയ്ക്കും ഇരുപത്തയ്യായിരം രൂപ വരെയും ധനസഹായം നൽകുന്നതാണ്.

(2) ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ ചികിത്സ തുടങ്ങുന്നതിനു മുൻപോ ചികിത്സ കഴിഞ്ഞ് ആറു മാസത്തിനകമോ സമർപ്പിച്ചിരിക്കേണ്ടതാണ്:

എന്നാൽ, അപേക്ഷ സമർപ്പിക്കാതിരിക്കുവാൻ മതിയായ കാരണമുണ്ടായിരുന്നു എന്ന് ബോർഡിന് ബോധ്യമാകുന്നപക്ഷം ആറു മാസത്തിൽ കവിയാതെയുള്ള കാലതാമസം ബോർഡിന് മാപ്പാക്കാവുന്നതാണ്.

(3) ചികിത്സാ ധനസഹായത്തിന് അപേക്ഷിച്ചവർ മരണമടഞ്ഞാൽ അപേക്ഷകന്റെ നോമിനിയ്ക്ക് പ്രസ്തുത ചികിത്സാ ധനസഹായം നൽകേണ്ടതാണ്.

(4) ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷാ ഫാറം നമ്പർ 7-ൽ ആയിരിക്കേണ്ടതാണ്. ചികിത്സാ ആനുകൂല്യത്തിനായി അപേക്ഷിക്കുന്നവർ ഒരു സർക്കാർ അംഗീകൃത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

(5) ഐ.പി./ഒ.പി. ടിക്കറ്റ്, ഡിസ്ചാർജ് സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ച രസീത്, അംഗത്വ സർട്ടിഫിക്കറ്റ്, ചികിത്സ തേടിയ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ എന്നിവ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

18. <u>മരണാനന്തര ധനസഹായം.</u>—(1) ഒരംഗം മരണപ്പെട്ടാൽ പ്രസ്തുത അംഗത്തിന്റെ അവകാശിക്ക് പട്ടിക 1-ൽ വ്യക്തമാക്കിയ പ്രകാരമുള്ള മരണാനന്തര ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) മരണപ്പെടുന്ന ഒരംഗത്തിന്റെ ശവസംസ്കാര ചെലവുകൾക്കായി പ്രസ്തുത അംഗത്തിന്റെ ഒരവകാശിക്ക് അയ്യായിരം രൂപ ഉടൻ അനുവദിക്കുന്നതാണ്. പദ്ധതിയിൽനിന്നും പെൻഷൻ ലഭിക്കുന്ന ഒരാൾ മരണമടയുന്ന സംഗതിയിൽ പ്രസ്തുത ആളിന്റെ അവകാശിക്ക് മൂവായിരം രൂപ ധനസഹായം നൽകുന്നതാണ്.

(3) മരണാനന്തര ആനുകൂല്യത്തിനുള്ള അപേക്ഷ ഫാറം നമ്പർ 8-ൽ സമർപ്പിക്കേണ്ടതാണ്.

(4) മരണാനന്തര ആനുകൂല്യം ലഭിക്കുന്നതിലേക്കായി അപേക്ഷ യോടൊപ്പം അസ്സൽ നോമിനേഷൻ, പാസ്ബുക്ക്, അംഗത്വ സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ച രസീത്, ഒന്നിൽ കൂടുതൽ അവകാശികൾ ഉള്ളപക്ഷം ആവശ്യമെങ്കിൽ മറ്റവകാശികൾക്കുകൂടി വേണ്ടി ഒരാൾ തുക കൈപ്പറ്റുന്നതിന് മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ മറ്റവകാശികളുടെ സമ്മതപത്രം, നോമിനി പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

19. <u>വിവാഹ ധനസഹായം.</u>—രണ്ട് വർഷം തുടർച്ചയായി നിധിയിലേക്ക് അംശദായം അടച്ച അംഗങ്ങളുടെയും അവരുടെ രണ്ട് പെൺമക്കളുടെയും വിവാഹത്തിന് ഇരുപത്തയ്യായിരം രൂപ വിവാഹ ധനസഹായമായി നൽകുന്നതാണ്. വിവാഹധനസഹായത്തിനുള്ള അപേക്ഷ ഫാറം നമ്പർ 9-ൽ ആയിരിക്കേണ്ടതാണ്. രണ്ട് ലക്ഷം രൂപ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന പ്രസ്തുത കോർപ്പറേഷൻ നിശ്ചയിക്കുന്ന നിബന്ധനകൾക്കനുസൃതമായി പലിശരഹിത വായ്പ നൽകുന്നതാണ്. വായ്പയുടെ തിരിച്ചടവ് കാലയളവ് അമ്പത് മാസമായിരിക്കുന്നതാണ്.

20. <u>പെൻഷൻ.</u>—(1) അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി നിധിയിലേക്ക് അംശദായമടച്ച അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ പദ്ധതിക്കനുബന്ധമായുള്ള പട്ടിക 2-ൽ വിനിർദ്ദേശിച്ച പ്രകാരമുള്ള പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, അഞ്ചു വർഷത്തിൽ താഴെ ഉള്ള കാലയളവിൽ അംശദായം അടച്ചിട്ടുള്ള ഒരു അംഗത്തിന് നിശ്ചിത തുക തിരികെ ലഭിക്കുന്നതിനുള്ള അർഹത സംബന്ധിച്ച് തീരുമാനമെടുക്കാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) നിധിയിൽനിന്നും പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ ഫാറം നമ്പർ 10-ൽ ആയിരിക്കേണ്ടതും അംഗത്വ സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ചതിന്റെ രസീത് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

(3) 55 വയസ്സിനുശേഷം വരിസംഖ്യ അടയ്ക്കുവാനും സ്വീകരിക്കുവാനും പാടില്ലാത്തതാകുന്നു.

21. കുടുംബ പെൻഷൻ.—പെൻഷൻ ലഭിക്കാൻ അർഹതയുള്ള ഒരംഗം മരണമടയുന്ന സംഗതിയിൽ അയാളുടെ ആശ്രിതന് കുടുംബ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. കുടുംബ പെൻഷൻ കുറഞ്ഞത് ആയിരം രൂപയോ അല്ലെങ്കിൽ പ്രസ്തുത അംഗത്തിന് ലഭിക്കാൻ അർഹതയുള്ള പെൻഷന്റെ അമ്പത് ശതമാനമോ ഏതാണോ കൂടുതൽ പ്രസ്തുത തുക ആയിരിക്കുന്നതാണ്. കുടുംബ പെൻഷനുള്ള അപേക്ഷ ഫാറം നമ്പർ 10-ൽ ആയിരിക്കേണ്ടതാണ്.

22. അവശതാ പെൻഷൻ.—(1) മൂന്ന് വർഷത്തിൽ കുറയാതെ അംശദായം നൽകി വരുന്ന ഏതെങ്കിലും ഒരംഗത്തിന് അപകടംമൂലമോ അസുഖംമൂലമോ സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത സംഭവിച്ചാൽ പ്രസ്തുത അംഗത്തിന് പ്രതിമാസം ആയിരം രൂപ അവശതാ പെൻഷനായി ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. അവശതാ പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ ഫാറം നമ്പർ 11-ൽ ആയിരിക്കേണ്ടതാണ്.

(2) (1)-ാം ഉപഖണ്ഡിക പ്രകാരം പെൻഷന് അപേക്ഷിക്കുന്ന അംഗം ശാരീരിക അവശത അനുഭവിക്കുന്നു എന്നും അവശതമൂലം യാതൊരു ജോലിയും ചെയ്യാൻ കഴിയാത്ത ആളാണെന്നും തെളിയിക്കുന്നതിലേക്കായി മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

23. വിദ്യാഭ്യാസ ധനസഹായം.—(1) പ്രൊഫഷണൽ കോഴ്സുകളിൽ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച് പഠനം നടത്തുന്ന നിധിയിലെ ഏതെങ്കിലും ഒരംഗത്തിന്റെ മക്കൾക്ക് പ്രസ്തുത സ്ഥാപനത്തിലെ പഠനത്തിന് ആവശ്യമായ സർക്കാർ ഫീസിന് തുല്യമായ തുക വിദ്യാഭ്യാസ ധനസഹായമായി നൽകുന്നതാണ്. കൂടാതെ ബിരുദ/ബിരുദാനന്തര കോഴ്സുകൾക്ക്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സർക്കാർ/അർദ്ധ സർക്കാർ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസിന് തുല്യമായ തുക ധനസഹായം അനുവദിക്കുന്നതാണ്. പ്രസ്തുത ധനസഹായം ലഭിക്കുന്നതിന്റെ ആവശ്യത്തിലേക്കായി സർക്കാരിൽനിന്നോ മറ്റു സ്ഥാപനങ്ങളിൽനിന്നോ വിദ്യാഭ്യാസ ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ഹാജരാക്കേണ്ടതാണ്.

(2) സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ഉൾപ്പെടെയുള്ള പഠനോപകരണങ്ങൾ വാങ്ങുന്നതിനും പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനും പലിശരഹിത വായ്പ നൽകുന്നതാണ്.

24. <u>വിവിധോദ്ദേശ്യ വായ്പ</u>.—(1) അഞ്ചു വർഷക്കാലമെങ്കിലും നിധിയിലേക്ക് അംശദായം നൽകിയ ഒരംഗത്തിന് അയാളുടെ കണക്കിലുള്ള തുകയുടെ എഴുപത്തിയഞ്ച് ശതമാനം തുക വിവിധോദ്ദേശ്യ വായ്പയായി അനുവദിക്കുന്നതാണ്. വായ്പയുടെ കാലാവധി പരമാവധി പന്ത്രണ്ട് മാസം ആയിരിക്കുന്നതാണ്. ഏതെങ്കിലും അംഗം നിശ്ചിത കാലയളവിനുള്ളിൽ വായ്പ തിരിച്ചടയ്ക്കാൻ മുടക്കം വരുത്തുന്ന പക്ഷം പ്രസ്തുത അംഗത്തിന്റെ കണക്കിലുള്ള തുകയിൽനിന്നും ആയത് തട്ടിക്കിഴിക്കുന്നതിന് ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) വായ്പ തിരിച്ചടയ്ക്കുവാൻ ഏതെങ്കിലും അംഗം മുടക്കം വരുത്തുന്ന പക്ഷം മുടക്കം വരുത്തുന്ന തവണകൾക്ക് 18 ശതമാനം നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.

25. <u>റീഫണ്ട്</u>.—നിധിയിലെ ഒരംഗം നിധിയിലേക്ക് അടയ്ക്കുന്ന അംശദായവും നിധിയിലെ വിഹിതവും ചേർന്നുള്ള തുക പ്രസ്തുത അംഗത്തിന്റെ മരണാനന്തരമോ പ്രസ്തുത അംഗത്തിന് 60 വയസ്സ് പൂർത്തിയാകുമ്പോഴോ തൊഴിൽ ലഭിച്ച് പോകുമ്പോഴോ പ്രസ്തുത അംഗത്തിന് തിരികെ നൽകുന്നതാണ്.

26. <u>പ്രസവാനുകൂല്യം.</u>—രണ്ട് വർഷക്കാലം തുടർച്ചയായി നിധിയിലേക്ക് അംശദായം നൽകിയ ഒരു വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി പതിനയ്യായിരം രൂപ നിധിയിൽനിന്നും അനുവദിക്കുന്നതാണ്. ഒരംഗത്തിന് പ്രസവാനുകൂല്യം പരമാവധി രണ്ടു പ്രാവശ്യം ലഭിക്കുന്നതിനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. പ്രസവാനുകൂല്യത്തിനുള്ള അപേക്ഷ ഫാറം നമ്പർ 12-ൽ ആയിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

27. <u>ഭവന നിർമ്മാണ/പുനരുദ്ധാരണ വായ്പ.</u>—രണ്ട് വർഷക്കാലം തുടർച്ചയായി നിധിയിലേക്ക് അംശദായം നൽകിയ ഒരു അംഗത്തിന് രണ്ടര ലക്ഷം രൂപ വരെ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന ഭവന നിർമ്മാണ/ പുനരുദ്ധാരണത്തിനായി (200 പേർക്ക്), കോർപ്പറേഷൻ നിശ്ചയിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പലിശരഹിത വായ്പ നൽകുന്നതാണ്. വായ്പയുടെ തിരിച്ചടവ് കാലയളവ് ഏഴുവർഷം അഥവാ 84 മാസമായിരിക്കുന്നതാണ്. ആയതിന്റെ ഭരണച്ചെലവിലേക്ക് രണ്ട് ശതമാനം തുക മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് വഹിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>ഫാറം നമ്പർ 1</u>

## അംഗത്വത്തിനുള്ള അപേക്ഷ

**2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 11 (1) കാണുക]

| | | | |
|---|---|---|---|
| 1. | ജില്ല | : | കോഡ് നമ്പർ - |
| 2. | പഞ്ചായത്ത്/നഗരസഭ | : | കോഡ് നമ്പർ - |
| 3. | പേര് (പൂർണ്ണ രൂപത്തിൽ) | : | |
| 4. | സ്ഥിര മേൽവിലാസം | : | |
| | ഫോൺ നമ്പർ | : | |
| 5. | പോസ്റ്റ് ഓഫീസ്/പിൻകോഡ് | : | |
| 6. | ജനനത്തീയതി* | : | |
| 7. | പ്രായം | : | (അക്ഷരത്തിൽ) |
| 8. | ജോലി ചെയ്യുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല | : | കോഡ് നമ്പർ - |
| | പഞ്ചായത്ത്/നഗരസഭ | : | കോഡ് നമ്പർ - |
| 9. | അദ്ധ്യാപനം നടത്തുന്ന മദ്രസ്സയുടെ/തൊഴിൽദാതാവിന്റെ പേരും പൂർണ്ണ മേൽവിലാസവും | : | |
| | ജോലി ചെയ്യുന്ന തസ്തിക | : | |
| | മുസ്ലീം സർവ്വീസ് രജിസ്റ്റർ നമ്പർ (ലഭ്യമെങ്കിൽ) | : | |
| | ഫോൺ നമ്പർ | : | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 10. | മദ്രസ്സാദ്ധ്യാപന ജോലി തുടങ്ങിയ വർഷം | : | (അക്ഷരത്തിൽ) | |
| 11. | സേവനകാലം (വർഷാടിസ്ഥാനത്തിൽ) | : | വർഷം | |
| 12. | ഇപ്പോഴത്തെ സ്ഥാപനത്തിൽ ജോലി ആരംഭിച്ച വർഷം | : | | |
| 13. | ഇപ്പോഴത്തെ സ്ഥാപനത്തിലെ സേവന ദൈർഘ്യം | : | വർഷം | മാസം |
| 14. | വിദ്യാഭ്യാസ യോഗ്യത | | | |
| | (എ) പൊതുവിദ്യാഭ്യാസം | : | | |
| | (ബി) മദ്രസ്സാദ്ധ്യാപനത്തിന് | : | | |
| | (സി) മറ്റ് വിഷയങ്ങൾ | : | | |
| 15. | ക്ഷേമനിധി അംഗത്വം ആവശ്യപ്പെടുന്ന വർഷം/ | : | | |
| | മാസം | : | | |
| 16. | പ്രതിമാസം അടയ്ക്കുന്ന അദ്ധ്യാപക വിഹിതം (രൂപ) | : | | |
| 17. | തൊഴിൽദാതാവ് അടയ്ക്കേണ്ട പ്രതിമാസ വിഹിതം (രൂപ) | : | | |
| 18. | വിഹിതം അടയ്ക്കാൻ ചുമതലപ്പെട്ട മദ്രസ്സ സ്ഥാപനത്തിന്റെ പൂർണ്ണ മേൽവിലാസം | : | | |
| 19. | വിഹിതമടയ്ക്കുന്നതിന് നിർദ്ദേശിക്കുന്ന പോസ്റ്റ് ഓഫീസ് | : | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**അപേക്ഷകന്റെ സത്യപ്രസ്താവന**

കേരള സംസ്ഥാന മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിന് ഞാൻ മുകളിൽ വ്യക്തമാക്കിയ കാര്യങ്ങൾ പൂർണ്ണമായും സത്യവും ശരിയുമാണെന്ന് വ്യക്തമാക്കുന്നു. ക്ഷേമനിധി സംബന്ധിച്ച് കാലാകാലങ്ങളിൽ ബാധകമാക്കുന്ന വ്യവസ്ഥകൾ ഞാൻ പാലിക്കുന്നതാണ്.

സ്ഥലം : ഒപ്പ് :
തീയതി : അപേക്ഷകന്റെ പേര് :

**സ്ഥാപന മേധാവിയുടെ ശുപാർശ**

.......................................................................... എന്ന മദ്രസ്സയിലെ അദ്ധ്യാപകനായ ............................ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വത്തിന് നൽകിയ അപേക്ഷ ശുപാർശ ചെയ്യുന്നു. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയിലെ വ്യവസ്ഥകളും അദ്ധ്യാപകരുടെ സാമൂഹ്യ സുരക്ഷയും കണക്കിലെടുത്ത് തൊഴിലുടമ എന്ന നിലയിലുള്ള വ്യവസ്ഥകൾ പാലിക്കുന്നതാണെന്നും, തൊഴിലുടമാ വിഹിതം യഥാസമയം അദ്ധ്യാപകന്റെ പേരിൽ അടയ്ക്കുന്നതാണെന്നും വ്യക്തമാക്കുന്നു.

(സീൽ) ഒപ്പ് :
തീയതി: ഔദ്യോഗിക പദവി :

**ഓഫീസ് ഉപയോഗത്തിന്**

അപേക്ഷ രജിസ്റ്റർ നമ്പർ :

ക്ഷേമനിധി അംഗത്വ നമ്പർ :

ജില്ലാ കോഡ് നമ്പർ :

പോസ്റ്റോഫീസ് കോഡ് :

അംഗത്വ പ്രാബല്യ തീയതി :

മാസവിഹിതം അടയ്ക്കേണ്ട കേന്ദ്രം :

പണം അടയ്ക്കേണ്ട പോസ്റ്റ് ഓഫീസ് :
അക്കൗണ്ട് നമ്പർ :

ഒപ്പ് :
*ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>ഫാറം നമ്പർ 2</u>

# അംഗത്വ സർട്ടിഫിക്കറ്റ്

**2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 11(4) കാണുക]

അംഗത്വ നമ്പർ :

| പാസ്പോർട്ട് സൈസ് ഫോട്ടോ |
|---|

(ഫോട്ടോ രജിസ്റ്ററിംഗ് അധികാരസ്ഥാനം സാക്ഷ്യപ്പെടുത്തേണ്ടതാണ്)

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീ./ശ്രീമതി.............................................................(മേൽവിലാസം)............................................... ......................................(തീയതി മുതൽ) ക്ഷേമനിധി അംഗമായി ചേർത്തിട്ടുള്ളതായി സാക്ഷ്യപ്പെടുത്തുന്നു.

അംഗത്തിന്റെ മാതൃകാ ഒപ്പ്:

സ്ഥലം :
തീയതി :

(ഒപ്പ്)
*ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.*

(ഓഫീസ് സീൽ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം നമ്പർ 3

# അംഗത്വ രജിസ്റ്റർ

**2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 11(4) കാണുക]

(അംഗത്വ രജിസ്റ്റർ ബോർഡിന്റെ സെക്രട്ടറിയും
രജിസ്റ്ററിംഗ് അധികാരസ്ഥാനവും സൂക്ഷിക്കേണ്ടത്)

| അംഗത്തിന്റെ ഫോട്ടോ |
|---|
| |

| ക്രമ നമ്പർ | അംഗത്തിന്റെ പേരും മേൽവിലാസവും | അച്ഛന്റെ/ അമ്മയുടെ/ ഭർത്താവിന്റെ പേര് | ജനന തീയതിയും വയസ്സും | നോമിനി/ നോമിനികളുടെ പേര് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |

| അപേക്ഷയുടെ തീയതിയും നമ്പരും | അംഗത്വം നൽകിയ തീയതിയും നമ്പരും | ആനുകൂല്യം നൽകിയതിന്റെ വിവരങ്ങൾ | വായ്പ നൽകിയതിന്റെ വിവരങ്ങൾ | അംഗത്വം റദ്ദാക്കിയ വിവരങ്ങൾ, തീയതി | അഭിപ്രായം |
|---|---|---|---|---|---|
| (6) | (7) | (8) | (9) | (10) | (11) |
| | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>ഫാറം നമ്പർ 4</u>

# അംഗത്വ തിരിച്ചറിയൽ കാർഡ്

**2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 11(5) കാണുക]

| അംഗത്തിന്റെ ഫോട്ടോ |
|---|

പേര് (ഇനിഷ്യൽ സഹിതം) :

പൂർണ്ണ വിലാസം :

അംഗത്വ നമ്പർ :

ജില്ലാ കോഡ് നമ്പർ :

സ്റ്റേറ്റ് കോഡ് നമ്പർ :

ഓഫീസ് സീൽ

(ഒപ്പ്)

*ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>ഫാറം നമ്പർ 5</u>

# പാസ് ബുക്ക്

**2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 11(5) കാണുക]

| അംഗത്തിന്റെ ഫോട്ടോ |
|---|

1. അംഗത്തിന്റെ പേര് :
2. പൂർണ്ണ വിലാസം :
3. ജനനത്തീയതി :
4. വിരമിക്കൽ തീയതി :
5. അംഗത്വ ഉത്തരവ് നമ്പരും തീയതിയും :
6. പ്രവൃത്തി സ്ഥലം :
7. അവകാശിയുടെ പേര് :
8. പൂർണ്ണ വിലാസം :
9. അവകാശിയുമായുള്ള ബന്ധം :

എല്ലാ മാസവും ..................................ാം തീയതിക്കകം മാസവരി അടയ്ക്കേണ്ടതാണ്.

അംഗത്തിന്റെ ഒപ്പ് ...............................

*ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പ് .*

സ്ഥലം :

തീയതി :

(സീൽ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| 20....... | അടച്ച മാസം | വരിസംഖ്യ തീയതി | പിഴപലിശ | ആകെ തുക | ഒപ്പ് |
|---|---|---|---|---|---|
| B/F | | | | | |
| ജനുവരി | | | | | |
| ഫെബ്രുവരി | | | | | |
| മാർച്ച് | | | | | |
| ഏപ്രിൽ | | | | | |
| മേയ് | | | | | |
| ജൂൺ | | | | | |
| ജൂലൈ | | | | | |
| ആഗസ്റ്റ് | | | | | |
| സെപ്റ്റംബർ | | | | | |
| ഒക്ടോബർ | | | | | |
| നവംബർ | | | | | |
| ഡിസംബർ | | | | | |
| | | | | | |
| C/o | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>ഫാറം നമ്പർ 6</u>

## നോമിനേഷൻ ഫാറം

**2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി**

(ഖണ്ഡിക 13 കാണുക)

എന്റെ കാലശേഷം നിധിയിൽ നിന്നും എന്റെ പേരിലുള്ള ആനുകൂല്യങ്ങളും അർഹതപ്പെട്ട തുകയും കൈപ്പറ്റുന്നതിന് താഴെപ്പറയുന്ന എന്റെ ആശ്രിതനെ/ ആശ്രിതരെ ഞാൻ ഇതിനാൽ നാമനിർദ്ദേശം ചെയ്യുന്നു.

| ക്രമ നമ്പർ | നോമിനിയുടെ പേരും മേൽവിലാസവും | വയസ്സും ജനന തീയതിയും | അപേക്ഷകനു മായുള്ള ബന്ധം |
|---|---|---|---|
| (1) | (2) | (3) | (4) |
| | | | |

സ്ഥലം : അപേക്ഷകന്റെ ഒപ്പും പേരും
തീയതി : അംഗത്വ നമ്പരും മേൽവിലാസവും

സാക്ഷികളുടെ ഒപ്പ്, പേര്,
മേൽവിലാസം 1. ..............................................................................
..............................................................................
2. ..............................................................................
..............................................................................

നോമിനേഷൻ അംഗീകരിച്ചു

സ്ഥലം : (ഒപ്പ്)
തീയതി : *ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.*

<u>കുറിപ്പ്</u>:—1. നോമിനേഷൻ പുതുക്കുന്നവർ അംഗത്വ ഉത്തരവിന്റെ പകർപ്പ്, അംഗത്വ കാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

2. ശരിയായി പൂരിപ്പിച്ച 2 സെറ്റ് അപേക്ഷ ഫോറം സമർപ്പിക്കേണ്ടതാണ്. ഒരു കോപ്പി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>ഫാറം നമ്പർ 7</u>

# ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ

**2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 17(4) കാണുക]

1. അംഗത്തിന്റെ പേര് :

2. പൂർണ്ണമായ മേൽവിലാസം :

3. വയസ്സും ജനന തീയതിയും :

4. ക്ഷേമനിധി പദ്ധതിയിൽ ചേർന്ന തീയതിയും അംഗത്വ നമ്പരും :

5. അംഗത്വം റദ്ദാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അംഗത്വം പുനഃസ്ഥാപിച്ച അധികാരിയുടെ ഉത്തരവ് നമ്പരും തീയതിയും :

6. രോഗസ്വഭാവവും അതിന് വേണ്ടുന്ന ചികിത്സയുടെ വിവരവും (രോഗവിവരം വ്യക്തമായി എഴുതണം) :

